# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/TVM/1145/GP10/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/09/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/TVM/1145/GP10/2021 തീയ്യതി: 09/09/2021

## തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി.അനീഷ.എസ്.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.മെർലിൻ ജേക്കബ്, ഓഡിറ്റർ
ശ്രീമതി.ആര്യാകൃഷ്ണൻ.എ.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുജിത്ത് എസ് കുറുപ്പ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീമതി. ബീനാകുമാരി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. അഷ്റഫ് എം | സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീ. അജിത് കുമാർ സി | സെക്രട്ടറി | 01-07-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുമ റോസ് സുന്ദരൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.എസ്.എസ്.സുനിത | വെറ്റിനറി സർജൻ | 01-04-2020 | 24-08-2020 |
| ഡോ. രാജേഷ് ചന്ദ്രൻ | വെറ്റിനറി സർജൻ | 24-08-2020 | 31-03-2021 |
| ഡോ.സജികുമാർ | മെഡിക്കൽ ഓഫീസർ- | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | പി.എച്ച്.സി/സി.എച്ച്.സി | | |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.നിർമ്മലാദേവി.എസ് | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ദീപ്തി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ആഹോഷ്.എസ്.ദർശൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2020 | 31-03-2021 |
| ശ്രീ. മഞ്ചേഷ്.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി.ആതിര.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷിബു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീ. ഗോകുൽ കെ എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 25-06-2020 | 31-03-2021 |
| ശ്രീ.സജുകുമാർ.വി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 17-07-2020 |
| ശ്രീ. സന്തോഷ് എസ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 18-07-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-1 |
| 2 | ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു<br>Written By: Arya Krishnan A.R (Auditor, On 30-07-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-1-1 |
| 3 | ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത<br>Written By: Arya Krishnan A.R (Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Shalini V K (Senior Grade Auditor, On 01-08-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-2 |
| 5 | വാർഷിക ധനകാര്യ പത്രിക- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-2-1 |
| 6 | സാമ്പത്തിക നില<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-2-2 |
| 7 | ഗ്രാന്റ് വിനിയോഗം*(1)<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 1-3 |
| 8 | മറ്റു ഫണ്ടുകൾ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-3-1 |
| 9 | തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-3-2 |
| 10 | ഗ്രാന്റ് വിനിയോഗം-മേഖല വകയിരുത്തലുകൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-3-3 |
| 11 | പദ്ധതി അവലോകനം<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-4 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 04-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-6 |
| 14 | തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-6-1 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-7 |
| 16 | സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-7-1 |
| 17 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-7-2 |
| 18 | വികലാംഗ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-7-3 |
| 19 | ദേശീയ വാർദ്ധ്യക കാല പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-7-4 |
| 20 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-8 |
| 21 | രസീത് പരിശോധന-അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Lathakumari M (Audit Officer, On 26-08-2021) | 1-9 |
| 22 | രസീത് തുക ഒടുക്കുന്നതിൽ കാലതാമസം<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-9-1 |
| 23 | രസീതുകളുടെ ക്യാൻസലേഷൻ<br>Written By: Arya Krishnan A.R (Auditor, On 29-07-2021) | 1-9-2 |

| | | |
|---|---|---|
| | Last Updated By: Lathakumari M (Audit Officer, On 26-08-2021) | |
| 24 | മാർക്കറ്റ് പിരിവ്- കൃത്യത പരിശോധിക്കാനായിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-10 |
| 25 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-11 |
| 26 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-11-1 |
| 27 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-11-2 |
| 28 | ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Lathakumari M (Audit Officer, On 27-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-12 |
| 29 | ഷോപ്പിംഗ് കോംപ്ലംക്സ്- മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയ്ക്ക് ലേലം ചെയ്തു നൽകി<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Lathakumari M (Audit Officer, On 27-08-2021) | 1-12-1 |
| 30 | അംഗീകരിച്ച ബിൽഡിംഗ് പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമമാണം<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-13 |
| 31 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-14 |
| 32 | ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-14(1) |
| 33 | വസ്തുനികുതിനിർണ്ണയം ഫോറം6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-09-2021) | 1-15 |
| 34 | സത്യവാങ്മൂലം സമർപ്പിക്കാത്തവർക്കും നികുതി ഇളവ് നൽകി<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-15-1 |
| 35 | 60 ച.മീറിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-2 |
| 36 | ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-3 |
| 37 | നികുതി ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-4 |
| 38 | വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-5 |
| 39 | 60ച.മീ വരെ വിസ്തീർണ്ണമുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ്<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-6 |
| 40 | മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകി<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-15-7 |
| 41 | ഡേറ്റാ പ്യൂരിഫിക്കേഷൻ ഫോറം-6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-8 |
| 42 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ -സഞ്ചയ പ്രകാരം ഉപയോഗക്രമം വ്യത്യസ്തം<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-9 |
| 43 | സേവന ഉപനികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 31-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-15-10 |
| 44 | ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലം- നികത്തൽ<br>Written By: Shalini V K (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-16 |
| 45 | ലേലം - തുക ഈടാക്കാൻഅവശേഷിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-17 |
| 46 | മൂല്യം കണക്കാക്കാതെ ലേലം ചെയ്ത് നൽകി<br>Written By: Shalini V K (Senior Grade Auditor, On 03-08-2021) | 1-17-1 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | |
| 47 | ആസ്തി സംരക്ഷണം- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-18 |
| 48 | ആസ്തി പരിപാലന കമ്മിറ്റി- രേഖകൾ ഹാജരാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-18-1 |
| 49 | ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-18-2 |
| 50 | വെഞ്ഞാറമൂട് പ്രൈവറ്റ് ബസ് സ്റ്റാൻഡ് - 10 വർഷങ്ങൾക്കുശേഷവും പദ്ധതി ഫലപ്രദമായി നടപ്പാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-09-2021) | 1-18-3 |
| 51 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ബില്ലുകളിൽ നിന്നും ജി.എസ്.ടി,റ്റി.ഡി.എസ് എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 30-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-19 |
| 52 | ക്ഷീരവികസന മേഖലയിലെ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-20 |
| 53 | ആരോഗ്യമേഖല (ആയുർവേദം) - പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-21 |
| 54 | തുണിസഞ്ചി വിതരണം-രേഖകൾ ലഭ്യമല്ല-തുക 9500/-രൂ തടസ്സം ചെയ്യുന്നു.<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-22 |
| 55 | ആധുനിക മത്സ്യമാർക്കറ്റ്-പ്രവർത്തനക്ഷമമല്ല.<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-23 |
| 56 | വാഹനപരിപാലനം-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-24 |
| 57 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-25 |
| 58 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-26 |
| 59 | കാർഷിക മേഖലയിലെ പ്രോജക്ട്- അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 03-09-2021) | 1-27 |
| 60 | കാർഷിക മേഖല- പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.<br>Written By: Arya Krishnan A.R (Auditor, On 29-07-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-27-1 |
| 61 | ഡ്രൈവേസ്റ്റ് നിർമ്മാർജ്ജനം-പ്രവൃത്തി നിർവ്വഹണം ഏകപക്ഷീയം<br>Written By: Lathakumari M (Audit Officer, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-28 |
| 62 | പാർട്ടു ബില്ലു നൽകിയപ്പോൾ റിടെൻഷൻ തുക ഈടാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-29 |
| 63 | അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, പ്രഷർ കുക്കർ എന്നിവ വാങ്ങൽ<br>അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, പ്രഷർ കുക്കർ എന്നിവ വാങ്ങൽ- ഗുണനിലവാര പരിശോധന- എല്ലാ സ്ഥാപനത്തെയും ഉൾപ്പെടുത്താൻ ശ്രമം നടത്തിയില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-30 |
| 64 | മുൻകൂറുകൾ-ക്രമീകരിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-31 |
| 65 | ലൈഫ് ഭവന പദ്ധതി- അനന്തരാവകാശിക്ക് ആനുകൂല്യം നൽകി- അർഹത നിർണയിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-32 |
| 66 | ഒ.ഡി.എഫ് പദ്ധതി യിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരശേഖരണം -വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-33 |
| 67 | കന്നുകുട്ടി പരിപാലനം - മോണിറ്ററിംഗ് ഉറപ്പാക്കേണ്ടതാണ്.<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-34 |
| 68 | ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതി ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 01-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 1-35 |

| | | |
|---|---|---|
| 69 | മാലിന്യ നിർമ്മാർജ്ജന പ്ളാന്റ് പണി പൂർത്തിയായിട്ടുംപ്രവർത്തനക്ഷമമല്ല.<br>Written By: Lathakumari M (Audit Officer, On 03-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 1-36 |
| 70 | കമ്മ്യൂണിറ്റി കിച്ചൺ വരവ്-ചെലവ് അക്കൗണ്ടിംഗ്- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 04-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-09-2021) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 4-7 |
| 8 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 27-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: K Sreeja (Deputy Director, On 05-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Merlin Jacob (Auditor, On 02-08-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 16-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ്, 16.03.2020 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും പരിഷ്ക്കരിച്ച ബജറ്റ് 29.03.2021-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 3,03,479,900/- രൂപയും, ചെലവ് 2,74,905,000/- രൂപയും നീക്കിയിരിപ്പ് 28,574,900/- രൂപയുമാണ്. ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ്/ പരിഷ്കരിച്ച ബജറ്റിലും ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനത്തിന് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ഹെഡ് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 250104901 | Freshwater - Pisciculture | 0 | 95,456/- |

### 1-1-2 ബജറ്റ് വിഹിതം ചെലവഴിക്കുന്നതിൽ അപാകത

1. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്ക്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് കോഡ് (ബഡ്ജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 251012 | Agriculture & Related Sectors- Plantain | 2,00,000/- | 0 |
| 2501019 | Agriculture & Related Sectors- Pepper | 1,00,000/- | 0 |
| 2501031 | Animal Husbandry- Cow | 1,00,000/- | 0 |
| 2501040 | Animal Husbandry- Disease Control | 3,00,000/- | 0 |
| 2505003 | Solar Power Generation | 20,00,000/- | 0 |
| 2505005 | Bio- Gas Plant | 2,00,000/- | 0 |
| 2511007 | Sports | 2,00,000/- | 0 |
| 2511008 | Youth Welfare | 2,00,000/- | 0 |
| 2511010 | Arts & Culture | 2,00,000/- | 0 |

2. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്ക്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ നാമമാത്രമായ തുക ചെലവഴിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് കോഡ് (AFS പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 250100101 | Agriculture & Related Sectors- Paddy- General | 6,00,000/- | 3,10,992/- |
| 250100201 | Agriculture & Related Sectors- Other Crops-General | 5,00,000/- | 3,96,670/- |
| 250100301 | Agricultural Development Programs- General | 1,00,000/- | 35,000/- |
| 250103202 | Animal Husbandry- Goat- SCP | 3,00,000/- | 56,000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.35/26.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.7.2021 | 8.7.2021 | | |

### 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകതകൾ

1. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(51035371) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (3412950) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2020 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

5. ട്രഷറി ടി.എസ്.ബി അക്കൗണ്ട് (അക്കൗണ്ട് നം. 001400000007), കേരള ഗ്രാമീൺ ബാങ്ക് ലൈഫ് (A/C No. 40338101037862)എന്നിവയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ

| Head Code | Description | Debit | Credit |
|---|---|---|---|
| 450100101 | Opening Balance | 770747 | |
| 19.3.2021 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | | 1202688 |
| | Closing Balance | | 431941 |

| Head Code | Description | Debit | Credit |
|---|---|---|---|
| 440500101 | Opening Balance | 338987 | |
| 09.06.2020 | Kerla Gramin Bank Life | | 2125641 |
| | Closing Balance | | 1786654 |

7. AFS പ്രകാരം വികസന ഫണ്ട് (ജനറൽ) വരവ് 13309715/- രൂപയും എ.സി.ആർ പ്രകാരം വരവ് 13494140/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. കേരള ഗ്രാമീൺ ബാങ്ക് ലൈഫ് , ബാങ്ക് ബുക്ക് പ്രകാരം 31.3.2021ലെ നീക്കിയിരിപ്പ്593294 രൂപയും ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരം നീക്കിയിരിപ്പ് 1753294 രൂപയുമാണ്. എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ 19.3.2020ലെ ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 593294 രൂപ യാണ് റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത്.

9. ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള 31.1.2021ലെ നീക്കിയിരിപ്പ് 1000000/- രൂപയാണ്. എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ 28.3.2021ലെ തുകയായ 2406559/- രൂപയാണ് എടുത്തിരിക്കുന്നത്.

10 ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് B4 ഷെഡ്യൂൾ പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് 23999/-രൂപയാണ്. എന്നാൽ B-17 പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 240659/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. B4 Schedule പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 265579/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

10. B11 Schedule പ്രകാരമുള്ള Movable Assets- Vehicles, Movable Assets -Plants, Machinery &Tools എന്നിവയ്ക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

11. B-18 Schedule പ്രകാരമുള്ള ഹെഡ് കോഡ് 460500501, 460500201, എന്നിവയുടെ നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

12. കാഷ് ബുക്ക് 28.8.2020-ൽ 80 രൂപയുടെ ക്രഡിറ്റ് ബാലൻസ് കാണിക്കുന്നു.

13. Profession Tax From Employees A.F.S പ്രകാരമുള്ള വരവ് 4821000/- രൂപയും രജിസ്റ്റർ പ്രകാരമുള്ള വരവ് 4862400/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

14. Residential Buildings (Current) A.F.S പ്രകാരമുള്ള കളക്ഷൻ 2440219/-രൂപയും സഞ്ചയ പത്രിക പ്രകാരം 4844187/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

15. Non Residential Building (Current) A.F.S പ്രകാരമുള്ള കളക്ഷൻ 4844187/- രൂപയും സഞ്ചയ പ്രകാരമുള്ള കളക്ഷൻ 2410722/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധിച്ചതിൽ നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ

| ബാങ്ക് | ചെക്ക് നം.തീയതി | തുക |
|---|---|---|
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ(Own Fund) | 38192/5.2.2018 | 2480 |
| | 100902/18.2.016 | 3500 |
| | 45366/4.9.2020 | 7495 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.27ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-2-2 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 51056371 |
| വരവ് | 112338997 |
| | |

| | |
|---|---|
| ആകെ | 163395368 |
| ചെലവ് | 108947047 |
| നീക്കിയിരിപ്പ് | 54448321 |

1-3 ഗ്രാന്റ് വിനിയോഗം*(1)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 15446329 *(2) | 15446329 | 13494140 *(3) | 1952189 | - |
| വികസന ഫണ്ട് - TSP | 0 | 0 | 0 | 0 | 0 | - |
| വികസന ഫണ്ട്- SCP | 0 | 8072471 *(4) | 8072471 | 7611443 *(5) | 461028 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 10865255 *(6) | 10865255 | 8368592 | 2496663 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 6490000 *(7) | 6490000 | 4541114 | 1948886 | - |
| മെയിന്റനൻസ് ഫണ്ട്- റോഡിതരം | 0 | 4637612 *(8) | 4637612 | 3973739 | 663873 | - |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 26352000 *(9) | 26352000 | 15072545 | 11279455 | - |

*(1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-2021 സാമ്പത്തിക വർഷത്തെ ലഭ്യമാക്കിയിട്ടുണ്ട്.

*(2) ACR പ്രകാരം ഉള്ള വരവ് 15446329. AFS (RP7) പ്രകാരം ഉള്ള വരവ് 13309715. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*(3) ACR പ്രകാരം ഉള്ള ചെലവ് 13494140. സുലേഖ പ്രകാരം ഉള്ള ചെലവ് 15926758. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 53/30.07.2021 ന ഓഡിറ്റിന മുൻപിൽ സമർപ്പിച്ചതു പഴയ ACR ആണെന്ന നൽകി. പുതിയ ACR സമർപ്പിച്ചിട്ടില്ല.

*(4) ACR പ്രകാരം ഉള്ള വരവ് 8072471. AFS(RP7) പ്രകാരം ഉള്ള വരവ് 7611443. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*(5) ACR പ്രകാരം ഉള്ള ചെലവ് 7611443. സുലേഖ പ്രകാരം ഉള്ള ചെലവ് 8592972. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 53/30.07.2021 ന ഓഡിറ്റിന മുൻപിൽ സമർപ്പിച്ചതു പഴയ ACR ആണെന്ന നൽകി. പുതിയ ACR സമർപ്പിച്ചിട്ടില്ല.

*(6) ACR പ്രകാരം ഉള്ള വരവ് 10865255. AFS(RP7) പ്രകാരം ഉള്ള വരവ് 8368592. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*(7) ACR പ്രകാരം ഉള്ള വരവ് 6490000. AFS(RP7) പ്രകാരം ഉള്ള വരവ് 4541114. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*(8) ACR പ്രകാരം ഉള്ള വരവ് 4637612. AFS(RP7) പ്രകാരം ഉള്ള വരവ് 3973739. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

*(9) ACR പ്രകാരം ഉള്ള വരവ് 26352000. AFS(RP7) പ്രകാരം ഉള്ള വരവ് 15072545. തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-3-1 മറ്റു ഫണ്ടുകൾ

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| CSS: NREGS | 485475 | 1586422 | 2071897 | 2071897 | 0 |
| CSS: SSA | 150355 | 10473 | 160828 | 0 | 160828 |
| CSS: ICDS | 1545823 | 779396 | 2325219 | 600000 | 1725219 |
| Literacy Scheme Grant | 91665 | 5876 | 97541 | 0 | 97541 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| Grants From Suchithwa Mission | 3201930 | 1232409 | 4434339 | 412840 | 4021499 |
| Grants, Funds& Contributions For Specific Purposes- Other Gov. Agencies | 465546 | 4484444 | 4949990 | 4384444 | 565546 |
| Contributions For Joint Venture Projects- Form Block Panchayaths | 3125375 | 2811623 | 5936998 | 3537439 | 2399559 |
| Contributions For Joint Venture Projects- Form District Panchayaths | 0 | 3692025 | 3692025 | 3692025 | 0 |
| CSS: Total Sanitation Campaign (TSC) | 850000 | 1654826 | 2504826 | 678800 | 1826026 |
| Grants, Funds & Contributions For Specific Purposes - Other Then Specific Develpoment Fund & State Sponsore (Code No:320200304) | 200000 | 0 | 200000 | 0 | 200000 |
| Grants, Funds & Contributions For Specific Purposes - Other Then Specific Develpoment Fund & State Sponsore (Code No:320800199) | 0 | 200000 | 200000 | 0 | 200000 |

1-3-2 തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

2018-2019, 2019-2020, 2020-2021 വർഷത്തെ AFS പരിശോധിച്ചതിൽ താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

| ഹെഡ് കോഡ് | 2018-2019 വർഷത്തെ ബാലൻഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-2020 വർഷത്തെ ബാലൻഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | 2020-2021 വർഷത്തെ ബാലൻഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320200304 | 200000 | 200000 | 200000 |
| 320800101 | - | 265579 | 265579 |
| 320700204 | - | 1500000 | 1500000 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/26.07.2021) ഇവ ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

1-3-3 ഗ്രാന്റ് വിനിയോഗം-മേഖല വകയിരുത്തലുകൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല

ഗ്രാമപഞ്ചായത്തുകളുടെ വികസനത്തിന് വേണ്ടി 29.01.2018 ലെ പദ്ധതി മാർഗ്ഗരേഖ രേഖ സ.ഉ (കൈ)11/2018/തസ്വഭവ 5.4.1 പ്രകാരം പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങൾ വിഭജിച്ച് ഉല്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തണമെന്നിരിക്കെ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(3) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണവിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 ശതമാനമെങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| മേഖല | ഉത്പാദനം |
|---|---|
| സാധാരണവിഹിതം ആകെ അടങ്കൽ | 20853390 |
| മേഖലയ്ക്ക് വകയിരുത്തിയ സാധാരണവിഹിതം അടങ്കൽ | 5028198 |
| ശതമാനം | 24.11% |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (54/30.07.2021) മറുപടി ലഭ്യമാക്കിയില്ല.

2) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(4) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണവിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (54/30.07.2021) മറുപടി ലഭ്യമാക്കിയില്ല.

3) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(8) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതാഘടക പദ്ധതിയിക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ വികസനഫണ്ടുപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയപ്പോൾ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ |
|---|---|

| | |
|---|---|
| 98/കറവപ്പശുക്കൾക്ക് കാലിത്തീറ്റ – വനിത പദ്ധതി | 380000 |
| 203/കറവപ്പശുക്കൾക്ക് കാലിത്തീറ്റ – വനിത പദ്ധതി | 800000 |
| 215/ആട് വളർത്തൽ- എസ് സി പി- വനിത | 600000 |
| ആകെ പ്രോജക്ട് അടങ്കൽ | 1780000 |
| വികസന ഫണ്ട് അടങ്കൽ | 33238074 |
| ശതമാനം | 5.355% |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (54/30.07.2021) മറുപടി ലഭ്യമാക്കിയില്ല.

4) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 5.4.1(11) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ വികസനഫണ്ടുപയോഗിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയപ്പോൾ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ |
|---|---|
| 23/പാലിയേറ്റീവ് കെയർ | 1000000 |
| 76/വൃദ്ധജനപരിപാലനം | 400000 |
| 133/പാലിയേറ്റീവ് കെയർ | 47701 |
| ആകെ പ്രോജക്ട് അടങ്കൽ | 1447701 |
| വികസന ഫണ്ട് അടങ്കൽ | 33238074 |
| ശതമാനം | 4.355% |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (54/30.07.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകരിച്ച പദ്ധതി | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 215 | 155 | 55 | 164869248 | 85499429 | 51.85% |

പദ്ധതിച്ചെലവ് 52% മാത്രമാണ്. തുക പാഴാക്കാതെ പദ്ധതിവിഹിതം പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വാഹനപരിപാലനം തൃപ്തികരമല്ല.
2. ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി, ഡ്രൈവേസ്റ്റ് നിർമ്മാർജ്ജനം എന്നീ പ്രവൃത്തികളുടെ നിർവ്വഹണം ഏകപക്ഷീയം.
3. വിവിധ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. നികുതി ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകിയിട്ടില്ല.
5. മാർക്കറ്റ് പിരിവുമായി ബന്ധപ്പെട്ട് വ്യക്തതയും ആധികാരികതയുമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല.
6. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിൽ ജാഗ്രതക്കുറവ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

2020-2021 സാമ്പത്തിക വർഷത്തെ MGNREGS പദ്ധതിയുടെ സാമ്പത്തിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.എഫ്.എസ് പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 485475 | 1586422 | 2071897 | 2071897 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45501000 | 45501000 | 45501000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 485475 | 47087422 | 47572897 | 47572897 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം അവലോകനം

2020-2021 സാമ്പത്തികവർഷത്തെ NREGS –ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/2021 (14.07.2021)-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-349<br>അംഗങ്ങൾ- 578 |
| 2019-20സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-2190<br>തൊഴിലാളികൾ-2460 |
| 2019-20സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-2190<br>തൊഴിലാളികൾ-2460 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | 36* |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 2190 കുടുംബങ്ങൾ<br>2460 പേർ |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 256 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 173 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 96 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 1 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 0 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1324 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 796 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 351 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 59.29% |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 117748 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 34659000 |
| മെറ്റീരിയൽ കംപോണന്റ് | 1039000 |
| ആകെ വരവ് | 47572897 |
| ആകെ ചെലവ് | 47572897 |

| തൊഴിൽ ദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 471 |
| 80-99 | 278 |
| 70-79 | 164 |
| 60-69 | 143 |
| 50-59 | 119 |
| 50 ൽ താഴെ | 811 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105600 | 152 |
| കർഷകതൊഴിലാളി പെൻഷൻ | 4729600 | 1889 |
| വിധവാ പെൻഷൻ | 23215700 | 8801 |
| വാർദ്ധക്യകാല പെൻഷൻ | 37316300 | 14653 |
| വികലാംഗ പെൻഷൻ | 5486600 | 2132 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000 | 10 |
| | | |

| | | | |
|---|---|---|---|
| | അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 729400 | 287 |

1-7-1 സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ

2020-2021 സാമ്പത്തികവർഷത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ, രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ വിശദാംശങ്ങളോടൊപ്പം ചുവടെ ചേർക്കുന്നു.

1-7-2 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2020-2021 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. രജിസ്റ്ററുകൾ സെക്രട്ടറി സമയബന്ധിതമായി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (48/29.07.2021) രജിസ്റ്ററുകൾ അപാകതകൾ പരിഹരിച്ച് പൂർണ്ണമാക്കുന്നതാണെന്ന മറുപടി നൽകി. രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കേണ്ടതാണ്.

രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നുണ്ടെന്ന സെക്രട്ടറിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ സെക്രട്ടറി രജിസ്റ്ററുകൾ ഒപ്പുവെച്ചു സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-7-3 വികലാംഗ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2020-2021 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (48/29.07.2021) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-7-4 ദേശീയ വാർദ്ധ്യക കാല പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. 2020-2021 വർഷത്തെ സ്ഥാപനത്തിന്റെ കർഷക സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ എന്നിവ രേഖപ്പെടുത്താതെയാണ് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. രജിസ്റ്ററുകൾ സെക്രട്ടറി സമയബന്ധിതമായി സാക്ഷ്യപ്പെടുത്തുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (48/29.07.2021) അപാകത ഉടനെ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നുണ്ടെന്ന സെക്രട്ടറിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ സെക്രട്ടറി രജിസ്റ്ററുകൾ ഒപ്പുവെച്ചു സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2021 രാവിലെ 10:55 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 2594/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 രസീത് പരിശോധന-അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ടത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-9-1 രസീത് തുക ഒടുക്കുന്നതിൽ കാലതാമസം

കേരള ഫിനാൻഷ്യൽ കോഡ്(വാല്യം 1) ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ട്രഷറി/ബാങ്കിൽ ഒടുക്കേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ രസീത് വരവിനത്തിലെ കളക്ഷൻ തുക ഒടുക്കവരുത്തുന്നതിൽ കാലതാമസം വരുത്തുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ബുക്ക് നമ്പർ | രസീത് നമ്പർ/ തീയതി | തുക | തുക ഒടുക്കു വരുത്തിയ തീയതി |
|---|---|---|---|
| 1817 | 01-10 (27.02.2021) | 4,303/- | 04.03.2021 |
| 1817 | 21*-34 (05.03.21) | 6,367/- | 31.03.2021 |

*രസീത് നമ്പർ 21-ൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി 31/03/2021 ആണ്. എന്നാൽ അതിനു ശേഷം ഉള്ള രസീതുകളിൽ തീയതി 05.03.2021എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/19.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. 1817 നമ്പർ രസീത് ബുക്കിന്റെ

ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലേയും, കെ.ടി.സി യിലേയും നിബന്ധനകൾ പാലിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-9-2 രസീതുകളുടെ ക്യാൻസലേഷൻ

കേരള ഫിനാൻഷ്യൽ കോഡ് (വാല്യം 1) പ്രകാരം രസീതുകളുടെ ക്യൻസലേഷൻ മതിയായ അനുമതിയോടെയാണെന്നും രസീതുകളിൽ സെക്രട്ടറിയുടെ ഒപ്പ് ഉണ്ടാകേണ്ടതുമാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ല.

1. സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

| ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|
| 1817 | 35-100 |
| 1809 | 2-100 |

2. ക്യാൻസൽഡ് രസീത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാ-ബുക്ക് നമ്പർ 1818 ലെ രസീത് നമ്പർ 7.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/19.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതുകളുടെ കൃത്യമായ പരിപാലനം സ്ഥാപനം ഉറപ്പാക്കേണ്ടതാണ്.

1-10 മാർക്കറ്റ് പിരിവ്- കൃത്യത പരിശോധിക്കാനായിട്ടില്ല

ലേല രജിസ്റ്റർ പ്രകാരം മാർക്കറ്റ് പിരിവ് 16.5. 2020 മുതൽ 27.5.2020 വരെ പഞ്ചായത്ത് നേരിട്ടാണ് നടത്തിയിരിക്കുന്നത്. കൂപ്പണുകളാണ് പിരിവിനായി ഉപയോഗിച്ചിരിക്കുന്നത്. ആകെ 6 കൂപ്പൺ ബുക്കുകൾ ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത് . അവയുടെ മൂല്യം സംബന്ധിച്ച വിവരങ്ങളോ വിതരണം ചെയ്തിട്ടുള്ളതിന്റെ വിശദാംശമോ ലഭ്യമല്ല. എത്ര കൂപ്പണുകൾ ആണ് അച്ചടിച്ചിട്ടുള്ളതെന്നോ, വിതരണം ചെയ്തിട്ടുള്ളതെന്നോ വ്യക്തമല്ല. പ്രസ്തുത കൂപ്പണുകൾ സംബന്ധിച്ച വിവരം സ്റ്റോക്ക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയതിൽ ഒരു കൂപ്പൺ ബുക്ക് പൂർണ്ണമായും ഉപയോഗിച്ചിരിക്കുകയാണ്. കൂപ്പൺ ബുക്കുകളിൽ നം. രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ, ഉപയോഗിക്കാത്ത കൂപ്പൺ ബുക്കുകളിലെ കൂപ്പണുകൾ 5,10, 15, 50 എന്നീ തുകയ്ക്കുള്ളതാണ്. എന്നാൽ ഓരോ കൂപ്പൺ ബുക്കുകളിലും എത്ര കൂപ്പണുകൾ ഉണ്ടായിരുന്നുവെന്നോ എത്രയെണ്ണം ഉപയോഗിച്ചിട്ടുണ്ടെന്നോ വ്യക്തമല്ല. ആയതിനാൽ പിരിവിന്റെ കൃത്യത ഓഡിറ്റിന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

ലേലരജിസ്റ്റർ പ്രകാരമുള്ള പിരിവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | പിരിച്ചെടുക്കുന്നതിനായി രേഖപ്പെടുത്തിയിരിക്കുന്ന തുക | പഞ്ചായത്തിൽ അടവാക്കായതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|
| 16.05.2020 | 345 | 120010100239/ 18.05.2020 | കൂപ്പണുകൾ ഉപയോഗിച്ചതു സംബന്ധിച്ച രേഖപ്പെടുക്കൽ രജിസ്റ്റർ ഇല്ല. |
| 27.05.2020 | 1050 | 120010100328/ 28.05.2020 | അൻപത് രൂപയുടെ ഏഴ് കൂപ്പണുകളും, പതിനഞ്ച് രൂപയുടെ ഏഴ് കൂപ്പണുകളും, പത്തു രൂപയുടെ അറുപത്തിരണ്ട് കൂപ്പണുകളും, അഞ്ച് രൂപയുടെ അഞ്ചു കൂപ്പണുകളും ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |

മേയ് 22-ാം തീയതി നടന്ന ലേലത്തിൽ ശ്രീ. സുൽഫിക്കർ 200000/- രൂപയ്ക്ക് ലേലം പിടിച്ചതിനാൽ മാർക്കറ്റിൽ നിന്ന് നേരിട്ട് പിരിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28,34 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 50 , 15 10, 5 എന്നിവയുടെ 100 കൂപ്പണുകൾ ആണ് അച്ചടിച്ചിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ആയതിന്റെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആദ്യ ദിവസം കൂപ്പൺ ഇല്ലാതെ മാർക്കറ്റിൽ ഓഫീസ് സമയത്ത് എത്തിയപ്പോൾ കിട്ടിയ തുകയാണ് 345 രൂപ എന്നും അന്ന് തന്നെ മേൽ പറഞ്ഞിരിക്കുന്ന കൂപ്പൺ തയ്യാറാക്കുകയും ചന്ത ദിവസം രാവിലെ എത്തി പിരിവ് നടത്തുകയാണ് ഉണ്ടായതെന്നുമാണ്

മറുപടി ലഭ്യമാക്കിയിട്ടുള്ളത് രസീതുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലില്ല. ലേല രജിസ്റ്ററിൽ മുകളിൽ പരാമർശിച്ച പ്രകാരം മാത്രമാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ നേരിട്ടുള്ള മാർക്കറ്റ് പിരിവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ ചട്ടം 20(A) പ്രകാരം പഞ്ചായത്തിന് നേരിട്ട് ലഭിച്ചതോ പിരിവിന് നിയോഗിച്ച ഉദ്യോഗസ്ഥർ, പൊതുജനസേവന കേന്ദ്രങ്ങൾ, ബാങ്കിൽ നേരിട്ട് ഒടുക്കൽ, ബാങ്കിന്റെ മറ്റ് ബ്രാഞ്ചുകളിൽ ഒടുക്കൽ, മണിയോർഡറുകൾ, ഇന്റർനെറ്റ് കളക്ഷൻ.. തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ലഭിച്ചതോ ആയ എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രസീത് നൽകേണ്ടതാണ്. പ്രസ്തുത ചട്ടം (സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്.

നേരിട്ടുള്ള മാർക്കറ്റ് പിരിവിൽ ഗുരുതരമായ വീഴ്ചയാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. പഞ്ചായത്ത് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് നേരിട്ടുള്ള മാർക്കറ്റ്പിരിവ് നടത്തിയിരിക്കുന്നത്.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം അടിയന്തിരമായി പരിശോധിക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

**1-11 തൊഴിൽ നികുതി - അപാകതകൾ**

സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റും കളക്ഷനും 4862400/- രൂപയാണ്. സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ബി.പി.സി. എൽ കീഴായിക്കോണം 42 ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി ആദ്യ അർദ്ധ വർഷം ഒടുക്കു വരുത്തിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെക്ഷൻ 205(ഇ) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസു മൂലം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ 205(ഡി) വകുപ്പ് പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ആഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽനൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് അപ്രകാരമുള്ള വിശദാംശം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1 ന് ബി.പി.സി.എൽ കീഴായിക്കോണത്തിന് 2020-21ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽനികുതി ഒടുക്കാൻ നോട്ടീസ് നൽകിയിരുന്നുവെങ്കിലും സ്ഥാപനം ജീവനക്കാരുടെ വിവരം, ശമ്പളം എന്നിവ അടങ്ങിയ സ്റ്റേറ്റുമെന്റ് സമർപ്പിക്കാത്തതിനാൽ കളക്ഷൻ വന്ന തുക തന്നെ ഡിമാന്റായി എടുക്കുകയുണ്ടായി എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

പഞ്ചായത്ത്രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന് തൊഴിൽ നികുതി ഇനത്തിൽ ചോർച്ച സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

**1-11-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

കേരള പഞ്ചായത്ത്രാജ് തൊഴിൽ നികുതി ചട്ടങ്ങൾ H പ്രകാരം സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടത് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I&II Half |
| 2 | ഇന്ത്യൻ ബാങ്ക്, വെഞ്ഞാറമൂട് | I Half |
| 3 | സുഹാസ് ഓഡിറ്റോറിയം | I&II Half |
| 4 | നെല്ലനാട് ക്ഷീരസഹകരണസംഘം | II Half |
| 5 | സ്മിതാ ഓഡിറ്റോറിയം | I&II Half |
| 6 | ശ്രീ പത്മം ഓഡിറ്റോറിയം | I&II Half |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കേ ഡി.സി.ബി പത്രിക പ്രകാരം ഡിമാന്റും കളക്ഷനും 987450/- രൂപയാണ്. ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറി നം. 1ന് സ്ഥാപന നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ക്രമ നം. 3, 5, 6 എന്നിവയിലെ സ്ഥാപനങ്ങൾ കോവിഡ് കാരണം പ്രവർത്തിച്ചിരുന്നില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഉചിതമായ നടപടികൾ സ്വീകരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-11-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 13കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | പി. | ഷീലാമന്ദിരം, വെഞ്ഞാറമൂട് |

| | | |
|---|---|---|
| | രത്നാകരൻ, | |
| 2 | ഫൈസൽ ചിറയിൽ, | ഫിർദൗസ്, മുക്കോല, വെമ്പായം |
| 3 | സുരേഷ്കുമാർ | സുരേഷ്ഭവൻ, പിച്ചിമംഗലം |
| 4 | ഷാൻ | എസ്.ആർ കോട്ടേജ്, ഞാവേലിക്കോണം |
| 5 | എസ്.ആർ. ദാസ്, | ദാസ് ഭവൻ, മണലിമുക്ക് |
| 6 | ശ്രീകുമാർ. ആർ | ശ്രീ ഭവൻ, വെഞ്ഞാറമൂട് |
| 7 | ശിവദാസൻ. ആർ | ഇടത്തറവീട്, വെഞ്ഞാറമൂട് |
| 8 | ബിജി. കെ | ബംഗ്ലാവിൽ വീട്, കാവറ |
| 9 | അരുൺ.എസ് | അരുൺ ഭവൻ, വെഞ്ഞാറമൂട് |
| 10 | ജയൻനായർ | ചരുവിള പുത്തൻവീട് , ചരുവിള പുത്തൻവീട് |
| 11 | അഭിലാഷ് | വിഷ്ണു നിവാസ്, വെഞ്ഞാറമൂട് |
| 12 | സജിൻ. ആർ | സജ്ന മൻസിൽ, തോപ്പിൽ |
| 13 | അനീഷ് പി. വി | വിജയ ഇലക്ട്രോണിക്സ്, മുണ്ടേല പി.ഒ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.1ന് ക്രമ നം7 ലെ കരാറുകാരൻ തൊഴിൽ നികുതി അടവാക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽസാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-12 ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഈടാക്കാൻ അവശേഷിക്കുന്നു.**

താഴെപ്പറയുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

| കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| എസ്.സി 19 | കെ. സജീവൻ | 3398 | 10194 |
| എസ്.,സി 20 | കെ. സാവിത്രി | 7048 | 21144 |
| എസ്,സി 21 | ദിലീപ് കുമാർ | 2321 | 18568 |
| എസ്.സി24 | കെ. ഹരീഷ്, ഗിരീഷ് | 2064 | 20640 |
| എസ്.സി 25 | എസ്. ശശിധരൻ നായർ | 1720 | 13760 |
| എസ്.സി26 | അനീഷ്. എസ് | 7522 | 15220 |
| എസ്,സി27 | ബാബു.സി | 6021 | 60210 |
| എസ്.സി28 | ശ്രീകണ്ഠൻനായർ | 8532 | 68256 |
| എസ്.സി30 | എസ്.എസ്. രാജു | 5775 | 7750 |
| BMS7 | കെ. ദിവാകരൻ നായർ | 1149 | 8043 |
| ബങ്ക് 1 | എം. അബ്ദുൾ ഫറോത്ത് | 993 | 9930 |
| ഒ.എം.എസ് 4 | രാജേഷ് | 6697 | 66970 |
| ഒ.എം.എസ് 7 | മോഹൻദാസ് | 5370 | 10740 |
| ഒ.എം.എസ് 8 | കോലപ്പൻ ആചാരി | 2681 | 26810 |
| ഒ.പി. എസ്.പി 2 | ശിവപ്രസാദ് | 543 | 5430 |

| | | | |
|---|---|---|---|
| ഒ.പി.എസ്.പി 3 | നിഹാസ് | 746 | 7460 |
| ഒ.പി.എസ്.പി 7 | നിത്യാനന്ദൻ | 543 | 1629 |
| ഒ.പി.എസ്.പി 8 | രാജേഷ് | 543 | 1629 |
| ഒ.പി.എസ്.പി 10 | ഷിജുമോൻ | 546 | 1638 |
| ഒ.പി.എസ്.പി 11 | രാജേഷ് .എൻ | 611 | 1833 |
| ഒ.പി.എസ്.പി 12 | ഹരി | 586 | 1758 |
| NMS 8 | സരസ്വതി | 840 | 840 |
| NMS10 | അമ്പിളി | 419 | 4190 |
| NMS13 | ഓമന അമ്മ | 4719 | 14157 |
| NMS 15 | കെ.ഓമന അമ്മ | 2621 | 23589 |
| NMS 22 | ലളിത, എസ് | 511 | 4599 |
| NMS 36 | ജയദേവൻ | 511 | 1533 |
| NMS 37 | ബേബി. സി | 511 | 5110 |
| NMS38 | ഹരി | 511 | 1533 |
| NMS 39 | ഹരി | 827 | 2481 |
| New NMS1 | ഇന്ദിര | 1820 | 18200 |
| New NMS4 | സജി.എം | 364 | 3640 |
| New NMS 11 | ബഷീർ | 953 | 9530 |
| New NMS 12 | അഷറഫ് | 600 | 4200 |
| New NMS 14 | ഇബ്രാഹിം കുഞ്ഞ് | 953 | 9530 |
| New NMS 16 | ശിവപ്രസാദ് | 920 | 9200 |
| New NMS 23 | അംബിക | 3008 | 27174 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 11 ന് കുടിശ്ശിക അടച്ച് എഗ്രിമെന്റ് വയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>1-12-1 ഷോപ്പിംഗ് കോംപ്ലക്സ്- മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയ്ക്ക് ലേലം ചെയ്തു നൽകി</u>

NMS 16 എന്ന കടമുറി 2019-20 വർഷം ഉനൈസ് ഷിഹാസ് എന്ന വ്യക്തിയ്ക്ക് 2830/- രൂപയ്ക്കാണ് പ്രതിമാസ വാടകയ്ക്ക് നൽകിയിരിക്കുന്നത്. എന്നാൽ 2020-21 വർഷം പ്രസ്തുത കടമുറി താജുദ്ദീൻ എന്ന വ്യക്തിയ്ക്ക് ലേലം ചെയ്ത് നൽകിയിരിക്കുന്നത് പ്രതിമാസ വാടക 1500/-രൂപയ്ക്കാണ്. മുൻവർഷങ്ങളിലേതിനേക്കാൾ കുറഞ്ഞ തുകയ്ക്ക് പ്രസ്തുത കടമുറി ലേലം ചെയ്ത് നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് 2019-20 സാമ്പത്തിക വർഷത്തിൽ ഉനൈസ് ഷിഹാസ് കുടിശ്ശിക വരുത്തുകയും നോട്ടീസ് കൊടുത്തതിൽ വാടക കൂടുതൽ ആണെന്നും ആഴ്ചയിൽ രണ്ടു ദിവസം മാത്രമാണ് മാർക്കറ്റ് പ്രവർത്തിക്കുന്നതെന്നും പരാതി നൽകുകയും അതിനാൽ കടമുറി ഒഴിയുകയാണ് ഉണ്ടായതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. അതിനാലാണ് 22.5.2020പുനർലേലം നടത്തി ഏറ്റവും കൂടിയ തുകയ്ക്ക് വിളി കേട്ട ശ്രീ താജുദ്ദീന് ലേലം ഉറപ്പിച്ചു നൽകിയതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ലേലം ഉറപ്പിച്ചു നൽകിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ലേലം വഴി തനതു ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

<u>1-13 അംഗീകരിച്ച ബിൽഡിംഗ് പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമമാണം</u>

സി.ടി.പി വിജിലൻസിന്റെ 24.12.2020 ലെ CTPVIG 505/17(1)ാംനം കത്തു പ്രകാരം ശ്രീഗോകുലം മെഡിക്കൽ കോളേജ് ബിൽഡിംഗ് പെർമിറ്റൊന്നും കൂടാതെ തന്നെ പുതിയ റസിഡൻസ് ബ്ലോക്ക് നിർമ്മിക്കുന്നതായും ചീഫ് ടൗൺ പ്ലാനറുടെ അപ്രൂവ്ഡ് ലേ ഔട്ടിൽ ഉൾപ്പെടാത്ത റസിഡൻഷ്യൽ ബ്ലോക്കുകൾ, വെൽനസ് സെന്റർ, ഹോസ്പിറ്റലിന്റെ അനുബന്ധ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചിട്ടുള്ളതായും പരാമർശിച്ചിട്ടുണ്ട്. അപ്രൂവ്ഡ് ലേഔട്ടിൽ ഉള്ള ഫുട്ബോൾ കോർട്ട് പാർക്കിംഗ് ആയും വോളിബോൾ കോർട്ട് കെട്ടിടമായും പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതായും പരാമർശിച്ചിരിക്കുന്നു. നഴ്സിംഗ് ഹോസ്റ്റലിന്റേയും വെൽനസ് സെന്ററിന്റേയും പണി പൂർത്തീകരിച്ച് കെട്ടിട നമ്പർ കൂടാതെ തന്നെ അവ പ്രവർത്തിച്ചു തുടങ്ങിയതായും പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29.1.2021ലെ ആർ.എ 1/71/2017/ത.സ്വ.ഭ.വ കത്തു മുഖേന വിജിലൻസിന്റെ ശുപാർശകളിൻമേൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഗോകുലം മെഡിക്കൽ കോളേജിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രേഖപ്പെടുത്തൽ ലഭ്യമാക്കിയ U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമവത്ക്കരിച്ച കെട്ടിടങ്ങൾ, ക്രമവത്ക്കരണം സാധ്യമാകാത്ത നിർമ്മാണങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ, സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് ലഭ്യമാക്കിയ മറുപടിയിൽ നിർമ്മാണം പൂർത്തിയാക്കിയ റസിഡൻഷ്യൽ ബ്ലോക്കുകൾക്ക് നമ്പർ ആവശ്യപ്പെട്ട് ഫയൽ സമർപ്പിച്ചിട്ടുണ്ടെന്നും നമ്പർ അനുവദിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്ന് ആവശ്യമായ എൻ.ഒ.സി ലഭ്യമാകാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. നമ്പർ അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് കോവിഡിന്റെ സാഹചര്യത്തിൽ രേഖകൾ ഹാജരാക്കുന്നതിന് കുറച്ച് സാവകാശം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അടിയന്തിരമായി തുടർനടപടികൾ റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.

തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

ലഭ്യമാക്കിയ FTEAOS രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള വാർഡ് 13 14ലെ രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | XIII/196 | പ്രസന്ന.ബി, അമ്പാടി | അമ്പാടി ഫുട് വെയർ |
| 2 | XIII/491, 492 | അഭിജിത്ത്. എം.എസ് | ശിവകൃപ |
| 3 | XIII/378B | ആർ.പി സുരേഷ് ബാബു | പൗൾട്രി ഫാം |
| 4 | XIV/322 | മഹേഷ് | പോപ്പി ലൈറ്റ് ആന്റ് സൗണ്ട്സ് |
| 5 | XIV/503 | സുമ. വി.എസ് | ശിവ ലോട്ടറി സെന്റർ |
| 6 | XIV/338 | ഗിരീഷ് | കുന്നിൽ ബിൽഡിംഗ് മെറ്റീരിയൽ ബുക്കിംഗ് ഓഫീസ് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12 ന് കോവിഡ് ആയതിനാൽ കടകൾ തുറന്ന് പ്രവർത്തിക്കുന്നല്ലായെന്നും പലസ്ഥാപനങ്ങളും ലൈസൻസ് പുതുക്കുവാൻ തയ്യാറായിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14(1) ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ വാർഡ് 8 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | VIII/606 | അനിൽകുമാർ | അശ്വതി ആട്ടോസ്പ്രേയേഴ്സ് |
| 2 | VIII/340 | കിരൺകുമാർ.എസ്.ആർ | അശ്വതി മാരുതി സർവീസ് സെന്റർ |
| 3 | VIII/477 | ജോയ്.എസ് | റോഷൻ ഏജൻസി |
| 4 | VIII/507 | പി, പ്രസാദ് | എവർഷൈൻ ഗ്രാഫിക്സ് |
| 5 | VIII/130A | ശരവണൻ. എസ് | ശരവണ ട്രേഡേഴ്സ് |
| 6 | VIII/607 | സുനിൽകുമാർ. ജി | ലാൽ ഗാർമെന്റ്സ് |
| 7 | VIII/18B | ആയുബ്ഖാൻ | എക്സ്പെർട്ട് ഹാൻഡ് |
| 8 | VIII/336C, 336D | അജിത്ത് കുമാർ.എ | അതിഥി ഓട്ടോ സ്പ്രേയേഴ്സ് |
| 9 | VIII/561 | വസന്ത .എസ് നായർ | റവീസ് ഫുഡ് യൂണിറ്റ് |
| 10 | VIII/18E | സജീന. എ.കെ | റോക്ക് ബ്രേക്കേഴ്സ് ആൻഡ് സ്പെയർ പാർട്ട്സ് |
| 11 | VIII/166A | റഫീൽ. ആർ.സി | സ്റ്റൈൽ ഫർണിച്ചർ ആന്റ് ഹോം അപ്ലൈൻസ് |
| 12 | VIII/453 | സുബ്രഹ്മണ്യൻ | ആക്രിക്കട |
| 13 | VIII/31A | സിയാം . ബി.എസ് | ഐ.ടി സപ്പോർട്ട്, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ |
| 14 | VIII/16 | രാംലാൽ | യാംകോസ് കിഡ്സ് &ഫാൻസി |

| | | | |
|---|---|---|---|
| 15 | VIII/18J | മുജീബ് | മോട്ടോസൈക്കോ ബൈക്ക് ആക്സസർ സർവീസ് |
| 16 | VIII/624 | മാരിയപ്പൻ | മുരുകൻ ട്രേഡേഴ്സ് |
| 17 | VIII/140 | വിശാഖ് | ഗോൾഡ് സ്റ്റോർ ഫർണിച്ചർ |
| 18 | VIII/163J | ഡോ. ബെന്നി പി.വി | സീസ് സെവൻ മെയിന്റനൻസ് സർവീസ് |
| 19 | VIII/361 | സുരേഷ്കുമാർ | മുറുക്കാൻ കട |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12 ന് കോവിഡ് ആയതിനാൽ കടകൾ തുറന്നു പ്രവർത്തിക്കുന്നല്ലായെന്നും പലസ്ഥാപനങ്ങളും ലൈസൻസ് പുതുക്കുവാൻ തയ്യാറായിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-15 വസ്തുനികുതിനിർണ്ണയം ഫോറം6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഫോറം 6ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി നിർണ്ണയത്തിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

### 1-15-1 സത്യവാങ്മൂലം സമർപ്പിക്കാത്തവർക്കും നികുതി ഇളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഡ് 16, 11 എന്നിവ മാത്രം പരിശോധിച്ചതിൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 16/7 | സരസ്വതി അമ്മ. ബി, ദിവ്യ ഭവൻ |
| 2 | 16/17 | ദിവ്യ, ദിവ്യ ഭവൻ |
| 3 | 11/13 | ശാന്തകുമാരി, പുത്തൻവിള വീട് |
| 4 | 11/16 | കുശല, വിളയിൽ വീട് |
| 5 | 11/36 | മൃദുലാമണി, നീർച്ചാലിൽ വീട് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഇളവ് അർഹത സഞ്ചയയിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതും സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-15-2 60 ച.മീറിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് 7 മാത്രം പരിശോധിച്ചതിൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ

| വാർഡ്/കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 7/681 | രാധമ്മ, പ്ലാവിള വീട് | 75 |
| 7/689 | പാർവതി അമ്മ, കൊച്ചു വരമ്പത്തു വീട് | 140 |
| 7/690 | സുനിൽകുമാർ, ഐക്കര പുത്തൻ വീട് | 140 |
| 8/71 | അനിൽകുമാർ.എസ്, ധന്യ. വി | 70 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വസ്തുനികുതിയിനത്തിൽഗ്രാമപഞ്ചായത്തിന് നഷ്ടം വരുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

### 1-15-3 ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് 8 മാത്രം പരിശോധിച്ചതിൽ ഉദാഹരണമായി

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 8/49C | ഷാനിബ ബീവി.എം | തൈക്കാട്-മാങ്കുളം റോഡ് | പ്രഥമം |
| | 8/49D | | തൈക്കാട്-മാങ്കുളം റോഡ് | ത്രിതീയം |
| 2 | 8/51 | എൻ.കൃഷ്ണൻ നായർ | തൈക്കാട്-മാങ്കുളം റോഡ് | പ്രഥമം |
| | 8/52 | | തൈക്കാട്-മാങ്കുളം റോഡ് | ത്രിതീയം |
| 3 | 8/335b | ജി.എസ് ബിന്ദു | തൈക്കാട് വാമനപുരം പി.എച്ച്.സി റോഡ് | പ്രഥമം |
| | 8/335C | | തൈക്കാട് വാമനപുരം പി.എച്ച്.സി റോഡ് | ദ്വിതീയം |
| 4 | 8/612 | ഹക്കിം.എസ് | സി.പി ലൈൻ ഏറത്തു നട റോഡ് | പ്രഥമം |
| | 8/614 | | സി.പി ലൈൻ ഏറത്തു നട റോഡ് | ദ്വിതീയം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖല നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-15-4 നികുതി ഇളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നൽകിയിട്ടില്ല.**

സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് ഡിമാന്റ് ഉക രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 16/32 | എസ്. സന്ധ്യ, കൃഷ്ണകൃപ |
| 2 | 16/261 | ഷറഫ് പുതുവൽ വിള വീട് |
| 3 | 11/584 | പുഷ്കരൻ, ഡിസ്ക സദനം |
| 4 | 11/603 | ശിവാനന്ദൻ, അഭിലാഷ് ഭവൻ |
| 5 | 11/606 | സത്യലത, കിഴങ്ങു വിള വീട് |
| 6 | 16/134 | എം. മുരളീധരൻ നായർ, ബിന്ദു സദനം |
| | 16/153 | |
| 7 | 16/154 | കെ. ഭാസ്കരൻ പിള്ള, വിളയിൽ പുത്തൻ വീട് |
| | 16/155 | |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് നിർണയം നടത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബനധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-15-5 വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല**

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.30-ന് മറുപടി ലഭ്യമാക്കിയിട്ടില്ല

1-15-6 60ച.മീ വരെ വിസ്തീർണ്ണമുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ്

ജി.ഒ(എം.എസ് ).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 1 | VIII/47 | വേലായുധൻ നായർ, ആറ്റു വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| | VIII/48 | | |
| | VIII/49 | | |
| 2 | 8/98 | ബി. ഭവാനി, പ്ലാവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| | 8/97 | | |
| 3 | 16/21 | വിമൽകുമാർ, വിമൽ നിവാസ് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| | 16/32 | | |
| 4 | 8/109 | ശാന്തൻ, പ്ലാവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| | 8/110 | | 2013ഒന്നാം അർദ്ധ വർഷം മുതൽ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.30ന് മറുപടി ലഭ്യമാക്കിയിട്ടില്ല.സഞ്ചയയിലെ രേഖപ്പെടുത്തലുകൾ സമഗ്രമായി പരിശോധിക്കേണ്ടതും 60ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിററിന് ലഭ്യമാക്കേണ്ടതുമാണ്.

1-15-7 മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ് ).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 16/7 | ഷീലാകുമാരി, അശ്വതി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 16/252 | ശ്രീരംഗൻ, പുതുവൽ വിള പുത്തൻവീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 16/253 | എസ്. ശാന്തകുമാർ, ശരണ്യ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 7/14 | ശിവദാസൻ, കുമാരവിലാസം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 7/20 | അഷറഫ്, എ.ആർ മൻസിൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.30ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയസോഫ്റ്റ്വെയറിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കേണ്ടതും ഇപ്രകാരം മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് നൽകിയവ പൂർണ്ണമായും കണ്ടെത്തി അപാകത ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-15-8 ഡേറ്റാ പ്യൂരിഫിക്കേഷൻ ഫോറം-6 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വാർഷികധനകാര്യ പത്രിക 2020-21, I-18schedule പ്രകാരം Property Tax On Residential Buildings ഇനത്തിൽ 36772/- രൂപയും Property Tax On Non Residential Building ഇനത്തിൽ 19136/-രൂപയും എഴുതിത്തള്ളിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.44-ന് ലഭ്യമാക്കിയ മറുപടിയിൽ ഫോറം 2 വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും നിലവിൽ ഫോറം 6 വാങ്ങുന്നില്ലായെന്നും ഇനി മുതൽ അക്കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 2013-14ലെ വസ്തുനികുതി നിർണ്ണയ പ്രകാരം കൂടിയ കരം ഒടുക്കിയ കെട്ടിടങ്ങൾക്ക് പഴയകരം പുന:സ്ഥാപിച്ചു വഴി ലഭിച്ച അഡ്വാൻസ് തുക സഞ്ചയ സോഫ്റ്റ് വെയറിൽ ബുക്ക് അഡ്ജസ്റ്റമെന്റ് എന്ന രീതിയിൽ നിലനിർത്തുകയും ആയത് ഓരോ വർഷവും കളക്ഷനിൽ ചേർത്ത് എടുക്കുകയും ചെയ്യുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു മാത്രം വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ഈയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഉള്ള നടപടിക്രമങ്ങൾ പാലിച്ചാണോ വസ്തു നികുതിഡിമാന്റിൽ നിന്ന് ഒഴിവാക്കിയതെന്ന് മറുപടിയിൽ വ്യക്തമല്ലാത്തതിനാൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-15-9 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ -സഞ്ചയ പ്രകാരം ഉപയോഗക്രമം വ്യത്യസ്തം

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ രജിസ്റ്റർപ്രകാരം 1 മുതൽ 60 വരെയുള്ള ക്രമനമ്പരുകൾ മാത്രം പരിശോധിച്ചതിൽ , ലൈസൻസ് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ സഞ്ചയ പ്രകാരം ഉപയോഗക്രമം വ്യത്യാസപ്പെട്ടിരിക്കുന്നു.

വിശദാംശം ചുവടെ.

| No. | കെട്ടിട നം. | ലൈസൻസ് രജിസ്റ്റർ ക്രമ നം | ഉടമസ്ഥൻ | ഉപയോഗം ലൈസൻസ് രജിസ്റ്റർപ്രകാരം | സഞ്ചയപ്രകാരമുള്ള രേഖപ്പെടുത്തൽ |
|---|---|---|---|---|---|
| 1 | XI/647 | 9 | കെ.അനിൽകുമാർ | ഓട്ടോ ഇലക്ട്രിക്കൽ വർക്ക്സ് ആന്റ് സെയിൽസ് | പാർപ്പിടാവശ്യം |
| 2 | XIV/179A | 21 | തങ്കപ്പൻനായർ | ഗൗരിസ്റ്റോർ | പാർപ്പിടാവശ്യം |
| 3 | XI/157 | 35 | പ്രസന്നൻ.എസ് | ഹോളോബ്രിക്സ് | പാർപ്പിടാവശ്യം |
| 4 | V/322 A | 51 | രഘു.ജെ | സ്റ്റേഷനറി | അപ്രകാരം ഒരു കെട്ടിടം സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല |
| 5 | X/521 | 52 | അലൻ.വി.എൽ | സൈബർട്ട് മാർക്കറ്റിംഗ് | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25ന് ലഭ്യമാക്കിയ മറുപടിയിൽ തെറ്റായ രേഖപ്പെടുത്തൽ മൂലമാണ്ക്രമ നം. 2, 3 ,4 എന്നിവയിൽ മേൽ അപാകങ്ങൾ സംഭവിച്ചതെന്നും ക്രമനം. 1,5 എന്നിവയിൽ തുടർന്നുള്ള വർഷങ്ങളിൽ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ലൈസൻസ് അപേക്ഷയിലും, വാടകക്കരാറിലും, അന്വേഷണ റിപ്പോർട്ടിലും ഇത്തരത്തിൽ തെറ്റായ നമ്പർ രേഖപ്പെടുത്തി ലൈസൻസ് നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര പിഴവാണ്. കൂടാതെ മേൽ വിവരങ്ങൾ സാധൂകരിക്കുന്ന രേഖകളോ ഫയലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ലൈസൻസ് അപേക്ഷകൾ പരിഗണിക്കുമ്പോൾ സഞ്ചയയിലെ രേഖപ്പെടുത്തലുകൾ കൂടി പരിശോധിക്കേണ്ടതും തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-15-10 സേവന ഉപനികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

1-16 ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലം- നികത്തൽ

02.05.2019-ലെ ജനറൽ കമ്മിറ്റി മിനിട്സ് തീരുമാനം 9(1) പ്രകാരം വലിയകട്ടക്കാൽ വാർഡിലെ ആറ്റുപുറമ്പോക്ക് കയ്യേറി സ്ഥാപിച്ചിട്ടുള്ള വിളക്കിത്തറ ക്ഷേത്രം കയ്യേറ്റം ഒഴിപ്പിക്കണമെന്ന തഹസിൽദാറുടെ നിർദ്ദേശം പാലിച്ച്, അളന്ന് തിട്ടപ്പെടുത്തിയ ഭാഗം പരിശോധിച്ച് , വിസ്തൃതി അളന്ന് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് എ.ഇയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത തീയതിയിലെ തന്നെ 9(2)-ലെ തീരുമാനപ്രകാരം അനധികൃതമായി നികത്തിയ ഡേറ്റാബാങ്കിൽ ഉൾപ്പെട്ട വയൽ പൂർവസ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കുന്നതിന് കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങളുടെ തുടർനടപടി വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-17 ലേലം - തുക ഈടാക്കാൻഅവശേഷിക്കുന്നു

ലേല രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന ഇനത്തിന്റെ ലേല തുക അടവാക്കാൻ അവശേഷിക്കുന്നു.

| ഇനം | ലേലക്കാരൻ | ലേലത്തുക | അടവാക്കിയ തുക | അടവാക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| പഞ്ചായത്ത് ലൈബ്രറികളിൽ വരുന്ന പഴയ പത്രം | ഷാഹുൽ ഹമീദ് | 650 | 200/- , Rt No. 11901011O329/10.3.202. | 450/- | കോവിഡ് ആയതിൽ ലേലക്കാരൻ പത്രം എടുക്കാൻ വന്നില്ലായെന്നും കോവിഡ് കഴിഞ്ഞാൽ പുനർലേലം ചെയ്യുന്നതായിരിക്കും എന്നുമാണ് ലഭ്യമാക്കിയിരിക്കുന്നത്. |

തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-17-1 മൂല്യം കണക്കാക്കാതെ ലേലം ചെയ്ത് നൽകി

താഴെപ്പറയുന്ന ഇനങ്ങൾ ലേലം ചെയ്തു നൽകിയിട്ടുണ്ടെങ്കിലും അവയിൽ പ്രസ്തുത ഇനങ്ങളുടെ വാല്യൂവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മൂല്യം കണക്കാക്കി ലേലം ചെയ്തു നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.

| ഇനം | ലേലക്കാരൻ | തുക | റിമാർക്സ് |
|---|---|---|---|
| നെല്ലനാട് ഗവ. യു.പി.എസ് മെയിൻ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പൊളിച്ചു മാറ്റിയതിന്റെ ലേലം | എം. മിഥുലാജ്, ദാറുൽ ഇമാൻ | 8100 | |
| ഗവ.എൽ.പി.എസ് പൂവണത്തും മൂട്. അടുക്കളയുടെ പുനർനിർമ്മാണ സമയതത് പൊളിച്ചു മാറ്റിയ ടിൻ ഷീറ്റുകളും കമ്പികളും തൂക്കി വിറ്റ ഇനത്തിൽ | | 675 | H.M Rt No. 120010102928/1.11.2020 പ്രകാരം തുക അടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| വെഞ്ഞാറമൂട് പബ്ലിക് മാർക്കറ്റിൽ പൊളിച്ചുടുക്കിയ ആക്രി സാധനങ്ങൾ | മിഥുലാജ് | 6800, Rt No. 120010106756/4.3.2021 | |

മേൽ പരാമർശിച്ചിട്ടുള്ള ഇനങ്ങളുടെ വാല്യൂവേഷൻ/ സർവേ റിപ്പോർട്ട് ഓഫ് സ്റ്റോർസ് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 22 ന് ഇത് സംബന്ധിച്ച് പരാമർശമില്ല. മേൽ സാഹചര്യത്തിൽ വാല്യൂവേഷൻ കൂടാതെയാണ് മേൽ പരാമർശിച്ച ഇനങ്ങൾ ലേലം ചെയ്തു നൽകിയതെന്ന് വിലയിരുത്തുന്നു. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യം നിർണ്ണയം നടത്താതെ ലേലം ചെയ്ത് നൽകിയതിനാൽ ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ആസ്തി സംരക്ഷണം- അപാകതകൾ

പഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1-18-1 ആസ്തി പരിപാലന കമ്മിറ്റി- രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018-ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ, കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമാണോയെന്ന് വിലയിരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. സ്വീകരിച്ച നടപടികൾ അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18-2 ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുവാൻ, ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.37/28.07.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. അതുകൊണ്ടു തന്നെ തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം, ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത എന്നിവ ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

1-18-3 വെഞ്ഞാറമൂട് പ്രൈവറ്റ് ബസ് സ്റ്റാൻഡ് - 10 വർഷങ്ങൾക്കുശേഷവും പദ്ധതി ഫലപ്രദമായി നടപ്പാക്കിയിട്ടില്ല.

പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പ്രവർത്തനത്തിനായി ലേലം ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, പ്രൈവറ്റ് ബസ് സ്റ്റാന്റ് ബസുകളുടെ പാർക്കിംഗിനായി നിലവിൽ വിനിയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.19/19.07.2021 പ്രകാരം ആവശ്യപ്പെടുകയുണ്ടായി. മേൽ വിഷയത്തിന്മേൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നിലവിലെ ചട്ടപ്രകാരം പ്രൈവറ്റ് ബസുകൾക്ക് മാർക്കറ്റ് റോഡിൽ കൂടി സഞ്ചരിക്കാൻ അനുവാദമില്ലാത്തതിനാൽ പ്രൈവറ്റ് ബസുകളുടെ പാർക്കിംഗ് നിലവിൽ നടക്കുന്നില്ലായെന്ന് അറിയിച്ചു. 2010-11 സാമ്പത്തിക വർഷത്തിൽ 10,00,000/-ത്തോളം രൂപ ചെലവാക്കി പ്രൈവറ്റ് ബസുകളുടെ പാർക്കിംഗിന് വേണ്ടി ആരംഭ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. 2014-15 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(14) പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് 2014-15 കാലയളവ് വരെ 16,00,000/-ത്തോളം രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പദ്ധതി നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. പ്രൈവറ്റ് ബസുകൾ സ്റ്റാന്റിൽ പ്രവേശിക്കുകയോ പാർക്ക് ചെയ്യുകയോ ചെയ്യുന്നില്ല. അതുകൊണ്ടു തന്നെ ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്രൈവറ്റ് ബസുകളുടെ സഞ്ചാരം അനുവദനീയമല്ലാത്ത സ്ഥലത്ത് പ്രൈവറ്റ് ബസ് സ്റ്റാന്റ് സ്ഥാപിച്ചതിലെ യുക്തി വ്യക്തമല്ല. പ്രൈവറ്റ് ബസുകൾക്ക് സൗകര്യപ്രദമായ പാർക്കിംഗ് സ്ഥലം അനുവദിക്കുന്നതിനും ആയത് പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതും, തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. 12.03.2021 തീയതിയിലെ അജണ്ട 7 തീരുമാനം 4പ്രകാരം വെഞ്ഞാറമൂട് പ്രൈവറ്റ് ബസ് സ്റ്റാന്റ് കോമ്പൗണ്ടിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളുടെ മേലാദായം എടുക്കുന്നതിനുള്ള അവകാശം 1,300/- രൂപയ്ക്ക് ശ്രീ.തുളസീധരൻ നായർ എന്നയാൾ വിളിച്ച ലേലം അംഗീകരിച്ച് തീരുമാനിച്ചു. എന്നാൽ, പ്രൈവറ്റ് ബസ് സ്റ്റാന്റ് പ്രവർത്തനം, ലേലം എന്നിവ സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

1-19 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ബില്ലുകളിൽ നിന്നും ജി.എസ്.ടി,റ്റി.ഡി.എസ് എന്നിവ ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്.കൂടാതെ 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ , കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരന്റെ പേര് | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| 1 | പുലിച്ചാണി റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും | ആർ. ശ്രീകുമാർ | 3,85,023/- |
| 2 | കൊല്ലവിളാകം റോഡ് കോൺക്രീറ്റിംഗ് | ആർ. ശ്രീകുമാർ | 3,91,007/- |
| 3 | പാലത്തറ റോഡ് കോൺക്രീറ്റിംഗ് | ആർ. ശ്രീകുമാർ | 3,92,619/- |
| 4 | ഉടയൽപാറ- മല്ലൻവിള റോഡ് കോൺക്രീറ്റിംഗ് | മനാഫ്. എം | 3,40,028/- |

നികുതികൾ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.41/28.07.2021) ലഭ്യമാക്കിയ മറുപടിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധനസാമഗ്രികൾ വാങ്ങൽ, സംഭരണം,വിതരണം എന്നിവ സംബന്ധിച്ച ഗൈഡ് ലൈൻ ഉത്തരവുകളിൽ പ്രസ്തുത വിഷയം പരാമർശിച്ചിട്ടില്ലായിരുന്നതിനാൽ ഇത് സംബന്ധിച്ച് അറിവുണ്ടായിരുന്നില്ലായെന്നും അതുകൊണ്ടുതന്നെ 2020-21 കാലഘട്ടങ്ങളിൽ നടത്തിയിട്ടുള്ള ടെണ്ടർ നടപടികളിലും എഗ്രിമെന്റിലും ആയത് ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരോട് ജി.എസ്.റ്റി, ആദായ നികുതി എന്നിവ അടച്ച ബിൽ ഹാജരാക്കുന്നതിനും വരും വർഷങ്ങളിലെ ടെണ്ടർ, ബില്ലിംഗ് പ്രക്രിയകളിലും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. ടെണ്ടർ സ്വീകരിച്ച വ്യക്തി സമർപ്പിച്ച ജി.എസ്.ടി ഉൾപ്പെട്ട ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ ജി.എസ്.ടി ഉൾപ്പെട്ട ബിൽ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3. പ്രവൃത്തികളുടെ മസ്റ്റർ റോൾ പൂർണ്ണമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ മസ്റ്റർ റോൾ പൂർത്തീകരിച്ച് ഹാജരാക്കി. പ്രസ്തുത പ്രവണത ഒഴിവാക്കേണ്ടതും മസ്റ്റർ റോളുകളുടെ കൃത്യമായ പരിപാലനം ഉറപ്പാക്കേണ്ടതുമാണ്.

1-20 ക്ഷീരവികസന മേഖലയിലെ പ്രോജക്റ്റുകളിലെ അപാകതകൾ

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ കണ്ടെത്തിയ പ്രോജക്റ്റുകളിലെ അപാകതകൾ വിശദാംശത്തോടൊപ്പം

ചുവടെ ചേർക്കുന്നു.

1. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പാലിന് സബ്സിഡി പദ്ധതിയിൽ മാർഗ്ഗരേഖ പൂർണ്ണമായി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്റ്റ് പൂർത്തീകരണ പത്രം തയ്യാറാക്കുന്നതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

എന്നാൽ ഇപ്രകാരമുള്ള 2020-2021 വർഷ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കുന്നില്ല.

പ്രസ്തുത അപാകതയ്ക്ക് മറുപടിയായി (എൻക്വയറി 10/15.07.2021) സുലേഖ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത സാക്ഷ്യപത്രം മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന സമയത്തു തന്നെ തയ്യാറാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

3. പ്രോജക്റ്റ് നമ്പർ S0026/21 – ക്ഷീരകർഷർക്ക് പാലിന് സബ്സിഡി പ്രോജക്റ്റിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളും തീയതിയും അപേക്ഷകന്റെ ഒപ്പും രേഖപ്പെടുത്താതവയാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷന്റെ പേര് | അപാകത |
|---|---|---|
| 1 | ഹസി സോമൻ, ചിറയിൽ വീട് കാവറ വെഞ്ഞാറമ്മൂട് | അപേക്ഷകന്റെ ഒപ്പ്, തീയതി എന്നിവ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ഉല്ലാസ് പി, ഗോകുലം വെഞ്ഞാറമ്മൂട് | അപേക്ഷകന്റെ ഒപ്പ്, തീയതി എന്നിവ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ഷാനവാസ് ഖാൻ എസ്, കാവുവിള വീട് | അപേക്ഷാഫാറത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ശിശുപാലൻ പിള്ള, എസ് എസ് ഭവൻ ആലന്തറ വെഞ്ഞാറമ്മൂട് | അപേക്ഷാഫാറത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. |

പ്രസ്തുത അപാകതയെ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 10/15.07.2021) അപാകതകൾ വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

അപേക്ഷകൾ സ്വീകരിക്കുമ്പോൾ തന്നെ അവ പൂർണ്ണവും വ്യക്തവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

**1-21 ആരോഗ്യമേഖല (ആയുർവേദം) - പ്രോജക്റ്റുകളിലെ അപാകതകൾ**

മെഡിക്കൽ ഓഫീസർ- ആയുർവേദം നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ വിശദാംശത്തോടൊപ്പം ചുവടെ ചേർക്കുന്നു.

2. പ്രോജക്റ്റ് നമ്പർ 74,75,76 എന്നിവയ്ക്ക് ഔഷധിയുമായി ഏർപ്പെട്ട മുദ്രപത്രത്തിലുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/23.07.2021ന മറുപടിയായി ഔഷധിയുമായി കരാർ മുദ്രപ്പത്രത്തിൽ തയ്യാറാക്കായിട്ടില്ലെന്നും മേൽ അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി.

3. സ്റ്റോർ പർച്ചേസ് 2013 ഖണ്ഡിക 12.22 പ്രകാരം പുതിയ വാങ്ങലുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലിന്റെ ഓഫീസ് പകർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

എന്നാൽ പ്രോജക്ട് നമ്പർ 74,75,76 എന്നിവയുടെ ബില്ലിന്റെ ഓഫീസ് പകർപ്പിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണമായി (ഓഡിറ്റ് എൻക്വയറി 32/23.07.2021) അപാകത വരുംവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

4. പ്രോജക്ട് നമ്പർ 96/20 – ആയുർവേദ ആശുപത്രിക്ക് ഫർണ്ണീച്ചർ -മായി ബന്ധപ്പെട്ട കണ്ടെത്തിയ അപാകതകൾ.

എ) ആയുർവേദ മെഡിക്കൽ ഓഫീസറുടെ 25/10/2019 ലെ C-55/19 -ാം നമ്പർ കത്തിൽ പ്രോജക്ട് നമ്പർ 96/20 പ്രകാരം SIDCO -യ്ക്ക് നൽകിയിരിക്കുന്ന വർക്ക് ഓർഡറിൽ പറയുന്ന സാധനങ്ങൾ താഴെപ്പറയും വിധമാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | Hardwood Rack With Door | 1 |
| 2 | Hardwood Arm Chair Plank Seat And Reaper Back | 3 |
| 3 | Hardwood Table -180X60X75 | 1 |
| 4 | Steel Slotted Angle Iron Rack 6 Panel-180X90X38 | 1 |

എന്നാൽ ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ താഴെപ്പറയും വിധമാണ്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ - തീയതി | ഇനം | എണ്ണം | തുക |
|---|---|---|---|---|
| 1 | CELTVM/19-20/230 Dtd 07/01/2020 | Hardwood 6 Rack Medicine Rack With Door | 1 | 71308/- |
| | | Hardwood Table-Special- 150X90X75 Cm | 1 | |
| 2 | CELTVM/19-20/254 Dtd 24/01/2020 | Hardwood Arm Chair Plank Seat And Reaper Back | 3 | 23030/- |
| | | Hardwood Table -180X60X75 | 1 | |
| 3 | CELTVM/19-20/266 Dtd 11/02/2020 | Steel Slotted Angle Iron Rack 6 Panel- 180X90X38 | 1 | 5662/- |
| | | | ആകെ | 100000/- |

വർക്ക് ഓർഡറിൽ ഇല്ലാത്ത ഒരു ഇനം (Hardwood Table-Special- 150X90X75 Cm) വാങ്ങിയ അപാകതയ്ക്ക് വിശദീകരണമായി (ഓഡിറ്റ് എൻക്വയറി 26/23.07.2021) പ്രോജക്ടിനായി വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കുന്നതിനായിട്ടാണ് വർക്ക് ഓർഡറിൽ ഇല്ലാത്ത ഇനം അധികമായി വാങ്ങിയത് എന്നാണ് നൽകിയത്.

പ്രസ്തുത പ്രോജക്ടിന്റെ ഹാജരാക്കിയ സുലേഖ രൂപീകരണ ഫോറത്തിൽ 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭ പ്രകാരം ഉള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഖണ്ഡിക 3.5.4 പ്രകാരമുള്ള പ്രോജക്ട് സംഗ്രഹം സുലേഖയിൽ ചേർത്തിട്ടില്ല.

2. ഖണ്ഡിക 3.6.4 പ്രകാരം ഭരണസമിതി പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞാൽ പ്രോജക്ട് രേഖകളിൽ ഭരണസമിതി അംഗീകാര തീരുമാനത്തിന്റെ നമ്പരും തീയതിയും രേഖപ്പെടുത്തണം. എന്നാൽ അപ്രകാരം പ്രോജക്ട് രേഖകളിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പ്രസ്തുത പ്രോജക്ട് സ്പിൽ ഓവർ പദ്ധതിയാണ്. എന്നാൽ പദ്ധതി സ്പിൽ ഓവർ ആകാനുള്ള കാരണം സുലേഖ ഫാറത്തിൽ ചേർത്തിട്ടില്ല.

4. പ്രസ്തുത പദ്ധതിയുടെ സുലേഖ ഫാറത്തിൽ ഫർണ്ണീച്ചറിന്റെ വിശദ വിവരങ്ങൾ ചേർത്തിട്ടില്ല. മേശ, കസേര, അലമാര, റാക്ക് എന്നിവയുടെ എണ്ണം, സ്പെസിഫിക്കേഷൻ, വാങ്ങൽ എപ്രകാരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഖണ്ഡിക 3.5.1(2) പ്രകാരം പ്രോജക്ടുകൾ സുലേഖയിൽ തയ്യാറാക്കേണ്ടുന്ന ചുമതല നിർവ്വഹണ ഉദ്യോഗസ്ഥന്റെയാണ്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സുലേഖയിൽ തയ്യാറാക്കുന്നില്ല.

പ്രസ്തുത പദ്ധതി ഭരണസമിതി അംഗീകരിച്ച തീരുമാനത്തിന്റെ പകർപ്പ്,അനുബന്ധ രേഖകൾ, പദ്ധതിയിൽ ഇല്ലാത്ത് ഇനം വാങ്ങിയതു ബന്ധപ്പെട്ട കമ്മിറ്റി അംഗീകരിച്ച തീരുമാനത്തിന്റെ രേഖകൾ എന്നിവ അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-22 തുണിസഞ്ചി വിതരണം-രേഖകൾ ലഭ്യമല്ല-തുക 9500/-രൂ തടസ്സം ചെയ്യുന്നു.

വൗച്ചർ നം,22000296/2-7-20 പ്രകാരം,തുണിസഞ്ചി വിതരണം ചെയ്തത വകയിൽ (1914എണ്ണം ) 'ബട്ടർഫ്ളൈസ് റക്സിൻ ബാഗ് 'എന്ന സ്ഥാപനത്തിന് 9500 എന്ന സ്ഥാപനത്തിന് 9500/-രൂ നല്കിയിട്ടുണ്ട്. CDSചെയർപേഴ്സന്റെ 2/7/20-ലെ കത്തിന്റെ അടിസ്ഥാനത്തിലാണ് ടി തുക നല്കിയിട്ടുള്ളത്.ടി ചെലവിന്റെ പദ്ധതി നം,വർഷം,അടങ്കൽ തുക,ചെലവു തുക,വാങ്ങിയ ബാഗുകളുടെ എണ്ണം,അവ സ്റ്റോക്കിലെടുത്തതിന്റെയും,വിതരണം ചെയ്തതിന്റെയും വിശദാംശം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6) മറുപടി കിട്ടിയില്ല. അതിനാൽ, ടി ചെലവു തടസ്സം ചെയ്യുന്നു.

## 1-23 ആധുനിക മത്സ്യമാർക്കറ്റ്-പ്രവർത്തനക്ഷമമല്ല.

2019-20, 2020-21 വർഷങ്ങളിലായി,ആധുനിക മത്സ്യമാർക്കറ്റിന്റെ കറണ്ട് ചാർജ്ജിനത്തിൽ, ആകെ 34510/-രൂപ KSEB-യ്ക്ക് നല്കിയിട്ടുണ്ട്. നെല്ലനാട്ഗ്രാമപഞ്ചായത്ത് പബ്ളിക് മാർക്കറ്റിനോടനുബന്ധിച്ച്, KERALA STATE COASTAL AREA DEVELOPMENT

CORPORATIION(KSADC)-ന്റെ നേതൃത്വത്തിൽ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ, 237.04 ലക്ഷം രൂ. ചെലവഴിച്ച്, 2014-15 കാലയളവിൽ സ്ഥാപിച്ചിട്ടുള്ളതാണ് ടി മാർക്കറ്റ് എന്ന് പഞ്ചായത്ത് ലഭ്യമാക്കിയ ഫയലിൽ കാണുന്നു. എന്നാൽ നിർമ്മാണത്തിലെ പോരായ്മ മൂലം,ടി മാർക്കറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.7) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ഫ്രീസർ, ജനറേറ്റർ, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കാൻ, 2021-22 വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുള്ളതായി,ടി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വൻതുക ചെലവഴിച്ച് നിർമ്മിച്ച ടി പൊതു- സ്ഥാപനം, നിഷ്ക്രിയ ആസ്തിയായി തുടരുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 1-24 വാഹനപരിപാലനം-അപാകങ്ങൾ

(A).പഞ്ചായത്തു വക, KL-21-R-5594, Mahindra Scorpio വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. വാഹനത്തിന് ഏറ്റവും ഒടുവിൽ Fuel Consumption Test നടത്തിയത്, 6/11/19-നാണ്. ടി സർട്ടിഫിക്കറ്റിന്റെ കാലാവധി, 5/11/20-ന് അവസാനിച്ചുവെങ്കിലും, വീണ്ടും ടെസ്റ്റ് നടത്തിയിട്ടില്ല.

2. വാഹനത്തിന് ഇന്ധന രജിസ്റ്റർ പരിപാലിക്കുന്നില്ല.

3. വാഹനം തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലായിരുന്ന കാലയളവിൽ മാത്രമേ ആകെ ഓടിയ ദൂരം പ്രതിദിനം രേഖപ്പെടുത്തിയിട്ടുള്ളൂ. പ്രതിദിനം ഓടിയ ദൂരം കണക്കാക്കാതെ, ഇന്ധന ഉപഭോഗം എങ്ങനെ നിരീക്ഷിച്ചു എന്ന് വ്യക്തമല്ല.

(B). പഞ്ചായത്തു വക KL;01-N-5633 നം ട്രാക്ടർ വാങ്ങിയത് 1998 ലാണ്. ടി വാഹനത്തിന് ഏറ്റവും ഒടുവിൽ Fitness Test നടത്തിയത് 11-6-15നാണ് എന്ന് RC BOOk ൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി വാഹനം, ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

A.പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി, താഴെപറയുന്ന വിധം, KSEB ൽ തുക ഒടുക്കു വരുത്തിയിട്ടുണ്ട്. ടി തുകയുടെ വീനിയോഗ സാക്ഷ്യപത്്രം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി(നം.13) .വീനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

| ക്രമനം | തുക | വൌച്ചർ നം | പ്രോജക്റ്റ് നം |
|---|---|---|---|
| 1 | 26516 | 2200054/14-9-20 | 3/20-21 |
| 2 | 20150 | 2200749/27-11-20 | ടി |
| 3 | 21755 | 22001167/4-2-21 | ടി |
| 4 | 28700 | 22001379/31-3-21 | ടി |
| 5 | 20362 | 22001380/31-3-21 | ടി |

B.ബിൽ നം.13/20-10-20 പ്രകാരം,മെഡിക്കൽ വേസ്റ്റ് സംസ്കരണ പ്ലാന്റിന്റെ പഞ്ചായത്തു വിഹിതമായി, 100000/- രൂപ ശുചിത്വ മിഷനു നൽകിയിട്ടുണ്ട്. ടി തുകയുടെ വീനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

### 1-26 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ

പ്രോജക്റ്റ് നം.229/21

പ്രോജക്റ്റിന്റെ പേര് – ജലജീവൻ മിഷൻ – ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

അടങ്കൽ തുക – 8305640/- രൂ

ചെലവു തുക-1245900രൂ(ബിൽ നം-21/15-1-21)

നിർവ്വഹണ ഏജൻസി-KWA.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ അംഗമാകാൻ7/7/20 ലെ ജനറൽ കമ്മിറ്റി തീരുമാനം (നം.1(9))എടുത്തു. ആയതിനായി, അടങ്കൽ തുകയുടെ 15%പഞ്ചായത്ത് വിഹിതമായും, 10% പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായും വകയിരുത്തിയാണ് മേൽ പദ്ധതി തയ്യാറാക്കിയത്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(A) അംഗീകൃത പ്രോജക്റ്റ് പ്രകാരം,പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായി, 830564/-രൂപ അടവു വരേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തുകയൊന്നും അടവു വന്നിട്ടില്ല എന്നും, ഗുണഭോക്തൃവിഹിതം KWA-യിലാണ് അടവു വന്നിട്ടുള്ളത് എന്നും സെക്രട്ടറി ഓഡിറ്റ് എൻക്വയറിനം.14 ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ല.

(B) പദ്ധതി നടത്തിപ്പിനായി, KWA-യുമായി എഗ്രിമെന്റ് ചമയ്ക്കാതെയാണു തുക കൈമാറിയിട്ടുള്ളത്. 23/4/21 തീയതിയിൽ കരാർ തയ്യാറാക്കിയെങ്കിലും, നിലവിൽ കരാറിലേർപ്പെടേണ്ടതില്ല എന്ന 15/4/21ലെ സർക്കാർ നിർദ്ദേശത്തെ തുടർന്ന് അതു ഉടമ്പടി ആക്കിയില്ല, എന്ന്സെക്രട്ടറി ഓഡിറ്റ് എൻക്വയറിനം.14 ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. എന്നാൽ തുക കൈമാറിയതു 15/01/21-നാണ് എന്ന വസ്തുത പരിഗണിക്കുമ്പോൾ, സെക്രട്ടറിയുടെ ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല.

(C) KWA-യുടെ Detailed Engineering Report-ലെ 'Contents' എന്ന ഭാഗത്ത് അഞ്ചാമത്തെ ഇനമായി Detailed Estimate എന്ന് രേഖപ്പെടുത്തിയിച്ചുണ്ടെങ്കിലും,ആയത്KWA ലഭ്യമാക്കിയിട്ടില്ല. ഈ വിധത്തിൽ General Abstract ന്റെ മാത്രം അടിസ്ഥാനത്തിൽ, KWA-യുമായി എഗ്രിമെന്റ് വയ്ക്കാതെ തുക കൈമാറിയത് ഉചിതമല്ല.

(D)പഞ്ചായത്ത് അംഗീകരിച്ച നൽകിയ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും കുടിവെള്ള കണക്ഷൻ ലഭിച്ചതായി, 16/04/21 ലെ ജനറൽ കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

(E) നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

(F) KWA-യിൽ അടച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത പദ്ധതിയുടെ ഫലപ്രാപ്തി, മോണിറ്ററിംഗ് റിപ്പോർട്ട്, ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്തൃ വിഹിതം, അടവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

<u>1-27 കാർഷിക മേഖലയിലെ പ്രോജക്ട്- അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല</u>

2020-2021 സാമ്പത്തിക വർഷത്തെ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ സംബന്ധിച്ച അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക/ ഇനം |
|---|---|---|---|---|
| 1 | 17/2020-2021 | ഫലവൃക്ഷത്തൈ നട്ടുപരിപാലനം | 64000 | 48000/ പൊതുവിഭാഗം (സാ.ധാ) |
| 2 | 115/2020-2021 | പച്ചക്കറി കൃഷി വികസനം | 96250 | 78750/ പൊതുവിഭാഗം (സാ.ധാ) |
| 3 | 200/2020-2021 | ഹരിതഭവനം | 78700 | 35000/ പൊതുവിഭാഗം (സാ.ധാ) |
| | | | ആകെ | 161750/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/28.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

<u>1-27-1 കാർഷിക മേഖല- പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല.</u>

29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവയുടെ ഖണ്ഡിക 13.1 പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. എന്നാൽ, കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ മോണിറ്റർ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/23.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും ശ്രദ്ധചെലുത്തേണ്ടതാണ്.

<u>1-28 ഡ്രൈവേസ്റ്റ് നിർമ്മാർജ്ജനം-പ്രവൃത്തി നിർവ്വഹണം ഏകപക്ഷീയം</u>

പ്രോജക്ട് നം.113/21

പ്രോജക്ടിന്റെ പേര് – ഡ്രൈവേസ്റ്റ് നിർമ്മാർജ്ജനം.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

അടങ്കൽ തുക-രൂ. 32,06,389/-

ചെലവു തുക-1) 55829/-രൂ (ബിൽ നം-SER339/1-10-20), 2)3150560/-രൂ (Bill No.SER340/1-10-20),

നിർവ്വഹണ ഏജൻസി – ക്ലീൻ കേരളാകമ്പനി.

നെല്ലനാട് മാർക്കറ്റിനു സമീപമുള്ള ബസ്സ്റ്റാന്റിൽ നിന്ന് 150 ടൺ മാലിന്യം നീക്കം 27/8/20-ന മുമ്പ് നീക്കം ചെയ്യാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ട്, 24/8/20 ന് പഞ്ചായത്ത്ക്ലീൻ കേരളാകമ്പനിക്ക് കത്തു നല്കി.എന്നാൽ കമ്പനി 271.6 ; ടൺ മാലിന്യം കൂടി അധികം നീക്കം ചെയ്തായി അവകാശവാദം ഉന്നയിക്കുകയും പഞ്ചായത്ത് സർക്കാർ ഉത്തരവു പ്രകാരം, കി.ഗ്രാമിന് പത്തുരൂപ നിരക്കിൽ തുക നല്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(A) മാലിന്യ നീക്കം സംബന്ധിച്ച് പഞ്ചായത്ത് ക്ലീൻ കേരളാകമ്പനിയുമായി എഗ്രിമെന്റ് വയ്ക്കാതെയാണ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഇതു ഗുരുതരമായ വീഴ്ചയാണ്.

(B) മാലിന്യത്തിന്റെ അളവ് 150 ടൺ എന്ന് നിജപ്പെടുത്താൻ പഞ്ചായത്ത് എന്തു സങ്കേതമാണ്, ഉപയോഗിച്ചത് എന്ന് വ്യക്തമല്ല.

(C) കമ്പനി 48.75 ടൺ മാലിന്യംനീക്കം ചെയ്തായി സെക്രട്ടറി ഒപ്പിട്ട സാക്ഷ്യ പത്രം മാത്രമേ ഫയലിൽ ഉള്ളൂ.എന്നാൽ 271.6 ടൺ മാലിന്യം കൂടി അധികം നീക്കം ചെയ്തായുള്ള കമ്പനിയുടെ അവകാശവാദം സാധൂകരിക്കുന്ന സാക്ഷ്യ പത്രം ഫയലിൽ ഇല്ല. ആകെ 320.35 ടൺ നീക്കം ചെയ്തതിനാണ് തുക നൽകിയത്.

(D) കമ്പനി വിവിധ ടക്കുകളിലായി മാലിന്യം നീക്കം ചെയ്തതായി പറയുന്നുവെങ്കിലും, പഞ്ചായത്തിനെ പ്രതിനിധീകരിച്ച് അയത് നിരീക്ഷിക്കാൻ ആരെയും ചുമതലപ്പെടുത്തുകയോ, അളവു സംബന്ധിച്ച് സാക്ഷ്യപത്രം തയ്യാറാക്കി കമ്പനി പ്രതിനിധിയുടെ ഒപ്പ് വാങ്ങുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(E) നീക്കം ചെയ്ത മാലിന്യത്തിന്റെ അളവു പുനഃപരിശോധിക്കണം എന്നും,ഇതു സംബന്ധിച്ച് കമ്പനിയുടെ എൻജിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ട് പഞ്ചായത്ത് 9/9/20 ന് കത്തു നല്കിയെങ്കിലും, സർക്കാർ നിർദ്ദേശത്തെ തുടർന്ന്, കമ്പനിയുടെഅവകാശവാദം അംഗീകരിച്ച് തുക നല്കുകയാണ് ചെയ്തിട്ടുള്ളത്.

(F) നീക്കം ചെയ്ത മാലിന്യത്തിന്റെ അളവു സംബന്ധിച്ച് പഞ്ചായത്തിന് ബോധ്യം ഇല്ലാത്ത സാഹചര്യത്തിൽ, ,പഞ്ചായത്ത് സർക്കാരുമായി തുടർന്ന് കത്തിടപാടുകൾ ഒന്നും നടത്തിയിട്ടില്ല.

മേല്പറഞ്ഞ കാരണങ്ങളാൽ പ്രോജക്ട് നടത്തിപ്പിൽ പഞ്ചായത്തിൻറെ താല്പര്യം സംരക്ഷിക്കപ്പെട്ടില്ല എന്നു ഓഡിറ്റ് വിലയിരുത്തുന്നു.

## 1-29 പാർട്ട ബില്ല നൽകിയപ്പോൾ റീടെൻഷൻ തുക ഈടാക്കിയില്ല.

പ്രോജക്ട് നം.125/19

പ്രോജക്ടിന്റെ പേര്-എറിപാറ കോളനി റോഡ് പുനരുദ്ധാരണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി .എഞ്ചിനീയർ

അടങ്കൽ തുക-2800000/-രൂ

ചെലവു തുക-13390950/-രൂ(ബിൽ നം-8/20-21/29-4-20)

ടി പ്രവൃത്തി ചെയ്യുന്നതിനായി ശ്രീ. എസ്.ജയകുമാർ എന്ന കരാറുകാരന് എഗ്രിമെന്റ വച്ച് സൈറ്റ് എല്പിച്ചു കൊടുത്തത്, 19/9/18 നാണ്. 70% പണി പൂർത്തിയതായി കാണിച്ച് 13390950രൂ പാർട്ട് ബിൽ അനുവദിച്ചിട്ടുണ്ട്.അതുവരെ ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയാണ്, പാർട്ട് ബിൽ നൽകിയത്. എന്നാൽ, ജി.ഓ.(പി) നം.429/15, തീ.28-9-15ൽ നിഷ്കർഷിച്ചിട്ടുള്ള വിധം, 2.5% റീടെൻഷൻ തുക ഈടാക്കാതെയാണ്, പാർട്ട് ബിൽ നൽകിയത്. (ഓഡിറ്റ് എൻക്വയറിനം.51) അവശേഷിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തി കരാറുകാരൻ ചെയ്യാത്തതിനെ തുടർന്ന് , 11/3/20, 29/4/20 തീയതികളിൽ അസി. എഞ്ചിനീയർ ടിയാന് മുന്നറിയിപ്പു കത്തു നല്കിയെങ്കിലും, പണി പുനരാരംഭിച്ചിട്ടില്ല. 17/9/20 ലെ ജനറൽ കമ്മിറ്റി തീരുമാനം നം 1(4) പ്രകാരം കരാറുകാരൻ 30ദിവസത്തിനകം പണി പൂർത്തിയാകാത്ത പക്ഷം,ടിയാൻ കൈപ്പറ്റിയ തുക 18%പലിശ സഹിതം തിരികെ ഈടാക്കാൻ അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും, കരാറുകാരനെ അക്കാര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി റോഡ് കോൺക്രീറ്റ് ചെയ്യാത്തതിനാൽ പ്രദേശവാസികള്ക്ക് ബുദ്ധിമുട്ടാകുന്നതോടൊപ്പം, ഫില്ലിംഗ് നടത്തിയ മണ്ണ് മഴവെള്ളത്തോടൊപ്പം ഒഴുകിയെത്തി, KSTP റോഡിൽ ഗതാഗത തടസ്സം സൃഷ്ടിച്ചിട്ടുള്ളതിനാൽ, രണ്ടു ദിവസത്തിനകം ടി മണ്ണ് കോരി മാറ്റണം എന്നു കാണിച്ച്, KSTP എക്സിക്യൂട്ടീവ് എൻജിനീയറുടെ കത്തിന്റെ പകർപ്പ് സഹിതം, 20/5/21 ന് വീണ്ടും കത്തു നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും സ്ഥാപനത്തിന് നഷ്ടം സംഭവിക്കുന്ന പക്ഷം പഴയ കരാറുകാരനിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

## 1-30 അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, പ്രഷർ കുക്കർ എന്നിവ വാങ്ങൽ അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, പ്രഷർ കുക്കർ എന്നിവ വാങ്ങൽ- ഗുണനിലവാര പരിശോധന- എല്ലാ സ്ഥാപനത്തെയും ഉൾപ്പെടുത്താൻ ശ്രമം നടത്തിയില്ല

പദ്ധതി അടങ്കൽ 204000

പദ്ധതി ചെലവ് 145200

ബിൽ നമ്പർ 12/19.1.2021

പദ്ധതി പ്രകാരം 24 അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, പ്രഷർ കുക്കർ എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ വിവരങ്ങൾ , ടെണ്ടർ സ്പെസിഫിക്കേഷൻ, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് ഫയലില്ല. കമ്മിറ്റി തീരുമാന പ്രകാരം 5 പേരുടെ ക്വട്ടേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റി തീരുമാനം (6.11.20 ലെ 1/9 ) പ്രകാരം ഗുണനിലവാര പരിശോധനയിൽ നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സ് മാത്രമാണ് സാംപിൾ എത്തിച്ചതെന്നും ആയതിനാൽ ടി സ്ഥാപനത്തിന് ക്വട്ടേഷൻ നൽകിയതുമായി പറഞ്ഞിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളെ ഗുണനിലവാര പരിശോധനക്കായി കമ്മിറ്റിയിൽ ഹാജരാകുവാൻ ആവശ്യപ്പെട്ട് നൽകിയ കത്ത് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സ് ലഭ്യമാക്കിയ പ്രഷർ കുക്കർ 3250/-രൂപയും ഗ്യാസ് സ്റ്റൗ 2800/- രൂപയുമാണ് (നികുതി ഉൾപ്പെടെ). ഈ സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാറിലേർപ്പെട്ടിട്ടില്ല. സാധനങ്ങളുടെ ഗ്യാരന്റി സംബന്ധിച്ച വിവരങ്ങളും ഫയലിലില്ല. ക്വട്ടേഷൻ പ്രകാരം മറ്റു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു. എങ്കിലും ശബരി സ്റ്റീൽ, ട്രൈടെക് ഏജൻസീസ്, നരിക്കോട്ടിൽ ഏജൻസീസ് എന്നീ സ്ഥാപനങ്ങൾ വാറണ്ടി വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.റ്റി ഉൾപ്പെടെയുള്ള നിരക്കാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ ക്വട്ടേഷൻ പരിശോധിച്ചത് പ്രകാരം താരതമ്യേന കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ ഇതിൽപ്പെടുന്നുണ്ട്.

വിശദാംശങ്ങൾ

| സ്ഥാപനം | ഗ്യാസ് സ്റ്റൗ നിരക്ക് | പ്രഷർ കുക്കർ നിരക്ക് | റിമാർക്സ് |
|---|---|---|---|
| നരിക്കോട്ടിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | 2699 | 2095 | |
| ശബരി ഗ്ലോബൽ ഷോപ്പി | 2997 | 2047 | |
| ട്രൈടെക് ഏജൻസീസ് | 2520 | 1900 | |

ടെണ്ടർ സ്പെസിഫിക്കേഷൻ ഇല്ലാത്തതിനാൽ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് കൃത്യമായി വിലയിരുത്തുവാൻ സാധിച്ചിട്ടില്ല. കൂടാതെ നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സ് മായി നിരക്കിൽ നെഗോസിയേഷൻ നടത്തിയിട്ടുള്ളതിന്റെ വിവരവും ലഭ്യമല്ല. അപാകത ഓഡിറ്റ് എൻക്വയറി

43/20-21 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടുണ്ട്. മറുപടിയായി കൊവിഡ് പ്രതിസന്ധി കാരണം ടെലഫോൺ മുഖാന്തിരമാണ് സ്ഥാപനങ്ങളെ സാംപിൾ പരിശോധനയ്ക്ക് ഹാജരാകുവാൻ ആവശ്യപ്പെട്ടതെന്നറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റുള്ള സ്ഥാപനങ്ങൾ അസൗകര്യം അറിയിച്ചതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ സ്ഥാപനങ്ങളുടെയുംപങ്കാളിത്തം ഉറപ്പാക്കികൊണ്ട് വാങ്ങൽ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഈ പദ്ധതിക്കായുള്ള ചെലവ് നിയന്ത്രിക്കാനാകുമായിരുന്നു. കൊവിഡ് പ്രതിസന്ധി കാരണം അങ്കണവാടികളിൽ അടച്ചിട്ടിരിക്കുന്നതിനാലും കുട്ടികൾക്കുള്ള ആഹാരസാധനങ്ങൾ വീട്ടിൽ എത്തിക്കുന്നതിനാലും ഈ പദ്ധതി അനിവാര്യമാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. വരും വർഷങ്ങളിൽ അപാകത ഒഴിവാക്കി വാങ്ങൽ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയും പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-31 മുൻകൂറുകൾ-ക്രമീകരിച്ചിട്ടില്ല**

2020-21 വർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറിന്റെ വിശദാംശം അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വൗച്ചർ നം | തുക |
|---|---|---|
| ആയുർവേദ ഡോക്ടർ | 22000231/22.6.2020 | 50000 |
| ഐ.സി.ഡി,എസ് സൂപ്പർവൈസർ | 22000574/24.9.2020<br>220001200/12.2.21 | 50000<br>30000 |
| ഹെഡ്മിസ്ട്രസ്, U.P School | 22000976/23.1.2021 | 50000 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 22000573/24.9.2020 | 25000 |
| അഗ്രികൾച്ചർ ഓഫീസർ | 22000652/23.10.2020 | 30000 |
| വെറ്ററിനറി സർജൻ | 22000653/23.10.2020 | 40000 |

അഡ്വാൻസ് രജിസ്റ്ററിൽ 263273/- രൂപ ക്രമീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ക്രമീകരിക്കാതെ അവശേഷിക്കുന്ന 11727-രൂപ നാളിതു വരെ ക്രമീകരിക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.36-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ (ധന) 419/11 Dated 4.10.11 പ്രകാരം മൂന്നു മാസത്തിൽ കൂടുതൽ കാലമായി ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പിഴ സഹിതം ഈടാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-32 ലൈഫ് ഭവന പദ്ധതി- അനന്തരാവകാശിക്ക് ആനുകൂല്യം നൽകി- അർഹത നിർണയിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.**

ലൈഫ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീമതി.അച്ചാമ്മ എന്ന ഗുണഭോക്താവ് 15.11.18-ൽ മരണപ്പെട്ടതിനെ തുടർന്ന് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട്, മൂന്ന്, നാല് അഞ്ച് ഗഡുക്കൾ ( 360000/- രൂപ) ടിയാളുടെ ചെറുമകനും അവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടതുമായ ശ്രീ.ഷിജിൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ

| തീയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|
| 12.2.2019 | 160000 (ഹഡ്കോ വായ്പ) | |
| 18.08.2020 | 100000 ( സംസ്ഥാന വിഹിതം) | |
| 23.09.2020 | 60000 (ഹഡ്കോ വായ്പ) | |
| 12.02.2021 | 40000 (തനത് ഫണ്ട്) | |

ടിയാളുടെ അർഹത ഉറപ്പാക്കിയതിന്റെ രേഖൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അവകാശ സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ഷിജി-യുടെ സമ്മത പത്രം ലഭ്യമാക്കിയിട്ടില്ല. ശ്രീ.ഷിജിൻ ഗ്രാമ പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പത്രത്തിന് ആനുകൂല്യം നൽകുന്നതിന് സമ്മതമാണെന്ന് ശ്രീമതി.ഷിജി രേഖപ്പെടുത്തിയിട്ടുണ്ട്. ആനുകൂല്യം നൽകിയ ഷിജിൻ ഗുണഭോക്താവിന്റെ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ടിയാളുടെ ആധാർ പരിശോധിച്ചത് പ്രകാരം ടിയാൾ കൊല്ലം സ്വദേശിയാണ്. ടിയാളുടെ റേഷൻ കാർഡിന്റെ പകർപ്പ്, ടിയാൾ നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ താമസക്കാരനാണോ എന്നതിന്റെ വിശദാംശം, മറ്റ് അനന്തിരവകാശികളുടെ നിർദ്ദിഷ്ട മാതൃകയിലുള്ള സമ്മത പത്രം , നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദമായ റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്താതെയാണ് തുക നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3 നുള്ള മറുപടിയോടൊപ്പം ചിതറ വില്ലേജ് ഓഫീസറിൽ നിന്നും ശ്രീ.ഷിജിൻ എന്ന വ്യക്തിയുടെയോ

ടിയാളുടെ മാതാപിതാക്കളുടെയോ പേരിൽ ചിതറ വില്ലേജിൽ വസ്തു ഇല്ല എന്ന സാക്ഷ്യപത്രം മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആവശ്യമായ രേഖകളില്ലാതെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടില്ലാതെയും തുക നൽകിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ലൈഫ് മിഷൻ സൈറ്റിൽ ഗുണഭോക്താക്കളുടെ റേഷൻ കാർഡ് നമ്പറിലെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സെക്രട്ടറി മുഖാന്തിരം ലൈഫ് മിഷൻ സൈറ്റിലൂടെ യാണ് ഹഡ്കോ വായ്പ, സംസ്ഥാന വിഹിതം എന്നീ തുകകൾ മാറാമെന്നരിക്കെ ലൈഫ് മിഷന് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടില്ല. ശ്രീ.ഷിജിൻ ഉൾപ്പെട്ട റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് ലൈഫ് ഭവനപദ്ധതി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലൈഫ് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ സാംഖ്യ അപ്ഡേഷൻ നടക്കുന്നതിനാൽ പരിശോധിക്കാനായിട്ടില്ല. കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ എൻ.ഒ.സി പ്രകാരം നിർമ്മിച്ചിട്ടുള്ള ഈ കെട്ടിടത്തിന് നമ്പറിംഗ് നൽകിയിട്ടില്ലാത്തതായും ഉടമസ്ഥാവകാശം ശ്രീ ഷിജിന്റെ പേരിൽ മാറ്റിയിട്ടില്ലാത്തതായും ഓഡിറ്റ് എൻക്വയറി 4 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്. ലൈഫ് മിഷൻ സൈറ്റിൽ ഗുണഭോക്താക്കളുടെ പേര് മാറ്റുന്നതിനുള്ള ഓപ്ഷൻ നിലവിലില്ലാത്തതിനാൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ലൈഫ് മിഷനിൽ നിന്നും നടപടിക്ക് സാധൂകരണം വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-33 ഒ.ഡി.എഫ് പദ്ധതി യിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരശേഖരണം -വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഒ.ഡി.എഫ് പദ്ധതിക്കായി 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ആവശ്യകതാ നിർണയം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജില്ലാ ശുചിത്വ മിഷന്റെ 14.8.19 ലെ 410/Dsm/Tvpm/2018 നമ്പർ കത്ത് പ്രകാരം മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ നിന്നും ഒഴിവായവർക്ക് പദ്ധതി ആനുകൂല്യം നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്. 2019 സെപ്റ്റംബറിനകം പൂർത്തിയാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിക്കായി 2019 സെപ്റ്റംബറിനകം പൂർത്തിയാക്കുവാനും നിർദ്ദേശമുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ എപ്രകാരമാണ് ശേഖരിച്ചതെന്നോ പദ്ധതിയുടെ ആവശ്യകത നിർണയിച്ചതിന്റെ വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി.46 )

2019-20

| ഫണ്ട് | കേന്ദ്രാവിഷ്കൃത പദ്ധതി | തനത് ഫണ്ട് | ആകെ |
|---|---|---|---|
| വകയിരുത്തിയത് | 888000 | 251600 | 1139600 |
| ചെലവ് | 855300 | 205300 | 1060600 |

2020-21 (സ്പിൽ ഓവർ)

| ഫണ്ട് | കേന്ദ്രാവിഷ്കൃത പദ്ധതി | തനത് ഫണ്ട് | ആകെ |
|---|---|---|---|
| വകയിരുത്തിയത് | 32700 | 46300 | 79000 |
| ചെലവ് | 32700 | 30500 | 63200 |

2020-21

| ഫണ്ട് | കേന്ദ്രാവിഷ്കൃത പദ്ധതി | തനത് ഫണ്ട് | ആകെ |
|---|---|---|---|
| വകയിരുത്തിയത് | 288000 | 81600 | 369600 |
| ചെലവ് | 251100 | - | 251100 |

പദ്ധതി രൂപീകരണം നടത്തുമ്പോൾ ആവശ്യകതാനിർണയം ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-34 കന്നുകുട്ടി പരിപാലനം - മോണിറ്ററിംഗ് ഉറപ്പാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണംനടത്തിയ കന്നുകുട്ടി പരിപാലനം പദ്ധതി

4 മുതൽ 6 വരെ പ്രായമുള്ള കന്നുകുട്ടികളുള്ള ക്ഷീരകർഷകർക്കാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി തുക എസ്.എൽ.ബി.പി ഡയറക്ടർക്ക് നൽകുകയും ക്ഷീര സഹകരണസംഘങ്ങൾ മുഖാന്തിരം

ഗുണഭോക്താക്കൾക്ക് വേണ്ട കാലിതീറ്റ നൽകുകയും ചെയ്യുന്നു. പദ്ധതി തുകകൾ പൂർണമായും ചെലവഴിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെയും എസ്.എൽ.ബി.പി ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം വിനിയോഗിച്ച തുകകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു .

| വർഷം | പദ്ധതി പ്രകാരം | ഗുണഭോക്താക്കളുടെ എണ്ണം | വിനിയോഗിച്ച തുക(എസ്. എൽ.ബി.പി ) | അവശേഷിക്കുന്ന തുക |
|---|---|---|---|---|

| | നൽകിയ തുക | | | |
|---|---|---|---|---|
| 2016-17 | 500000 | 40 | 461250 | 38750 |
| 2017-18 | 175000 | 50 | 155174 | 19826 |
| 2018-19 | 450000 | 36 | 413999 | 36001 |
| 2019-20 | 500000 | 40 | 442089 | 57911 |
| 2020-21 | 500000 | 40 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | | | | 152488 |

ചെലവാക്കുവാൻ അവശേഷിക്കുന്ന തുക എസ്.എൽ.ബി.പി ഡയറക്ടർ , സംസ്ഥാന സർക്കാറിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കു വരുത്താറുണ്ടെന്നറിയിച്ചിട്ടുണ്ട്. സ.ഉ(കൈ )നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 13.1 പ്രകാരം ലെ നിർദ്ദേശ പ്രകാരം പദ്ധതിരൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ്സമിതിയായി രൂപപ്പെട്ട് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. കന്നികുട്ടി പരിപാലന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നറിയിച്ചിട്ടുണ്ടെങ്കിലും കന്നുകുട്ടി പരിപാല രജിസ്റ്റർ വിവരങ്ങൾ പൂർണമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 24 നുള്ളമറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.കന്നുകുട്ടി പരിപാലനത്തിനായി നാളിതുവരെ വിനിയോഗിച്ച തുകകളുടെ വിനിയോഗം മോണിറ്റർ ചെയ്യേണ്ടതും സഹകരണ സംഘങ്ങളിൽ നിന്നും ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തി വിശദമായ റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും കന്നുകുട്ടിപരിപാലന രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. 2020-21 സാമ്പത്തിക വർഷത്തെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കന്നുകുട്ടി പരിപാലനത്തിനായി ഗ്രാമ പഞ്ചായത്ത് നൽകിയ തുകയിൽ ഉപയോഗിക്കാതെ അവശേഷിച്ച തുക (152488/- രൂപ) എസ്.എൽ ഡി.പി ഡയറക്ടർ സഞ്ചിത നിധിയിലേക്ക് ഒടുക്കുവരുത്തി എന്നുറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-35 ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതി ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ആശ്രയ ലിസ്റ്റ് പ്രകാരം സ്വന്തമായി വീടില്ലാത്തവരായി 15 ഗുണഭോക്താക്കൾ ഉണ്ട്. ഇവരിൽ 5 പേർക്ക് സ്വന്തമായി വസ്തു ഇല്ലാത്തതുമാണ്.

| ആശ്രയ ലിസ്റ്റ് പ്രകാരം സ്വീകരിക്കേണ്ട നടപടികൾ | | |
|---|---|---|
| ആശ്രയ ഗുണഭോക്താവ് വാർഡ് | ആശ്രയ ലിസ്റ്റ് പ്രകാരം ഭവന നിർമ്മാണ ആനുകൂല്യം നൽകേണ്ട വർഷം | ഭൂമി വാങ്ങൽ ആനുകൂല്യം നൽകേണ്ട വർഷം |
| ജയകുമാരി വാർഡ്1 | 2020-21 | 2018-19 |
| പദ്മകുമാരി 3 | 2020-21 | - |
| ശ്യാമള 4 | 2019-20 | - |
| സുധ 4 | 2018-19 | - |
| ഓമന എ 9 | 2020-21 | 2020-21 |
| ലീല.ബി 9 | 2020-21 | 2020-21 |
| വിജയൻ 9 | 2019-20 | 2019-20 |
| കുഞ്ഞുലക്ഷ്മി 10 | 2018-19 | - |
| ഗോപി 11 | 2018-19 | - |
| ശശി 12 | 2019-20 | - |
| മീനാക്ഷി 12 | 2018-19 | - |
| ലീല 13 | 2019-20 | 2018-19 |
| ചെല്ലപ്പൻ 13 | 2018-19 | - |
| ലളിത.എസ് 16 | 2020-21 | -- |
| ഓമന.പി 16 | 2018-19 | - |

ഇതിന്മേൽ സ്വീകരിച്ച നടപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 39-ന് 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടില്ല എന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. പ്രഥമ പരിഗണന നൽകേണ്ട വിഭാഗമെന്നിരിക്കെ ഇവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതിയും വീഴ്ച വരുത്തിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് കൂടാതെ ആശ്രയ പദ്ധതിക്കായി 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

| വർഷം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് |
|---|---|---|
| 2019-20 | 300000 | 300000 |
| 2020-21 | 3400000 | 175000 |

ഈ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകകൾ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഭവന പുനരുദ്ധാരണം ആവശ്യമായ ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. 2018-19 ലും ഇതേ പദ്ധതിക്കായി 300000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾ പ്രകാരം ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പരമേശ്വരം എ.ഡി.എസ് മുഖാന്തിരമാണ് ഭവനപുനരുദ്ധാരണം നടപ്പാക്കിയിട്ടുള്ളത്. ഭവന പുനരുദ്ധാരണം ലിസ്റ്റിലെ 12 പേരിൽ 4 പേർ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. (എൻക്വയറി 34). ബാക്കിയുള്ള 8 ഗുണഭോക്താക്കളിൽ 6 പേരുടെ ഭവന പുനരുദ്ധാരണം 2020-21 ൽ പൂർത്തിയായിട്ടുണ്ട് 2 പേർക്ക് ആനുകൂല്യം ലഭിക്കുന്നതിലേക്കായി എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും ഭവന പുനരുദ്ധാരണം പൂർത്തിയായിട്ടില്ല.

2018- 21 കാലയളവിലേക്കായി പൂർത്തീയാക്കേണ്ട ലക്ഷ്യം കൈവരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ പദ്ധതികളിന്മേൽ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ആശ്രയ ലിസ്റ്റ് പുതുക്കേണ്ടതുമാണ്.

1-36 മാലിന്യ നിർമ്മാർജ്ജന പ്ളാന്റ് പണി പൂർത്തിയായിട്ടുംപ്രവർത്തനക്ഷമമല്ല.

പ്രോജക്റ്റിന്റെ പേര് – എയ്റോബിക് കംപോസ്റ്റ് ബിൻ (തുമ്പൂർമൊഴി മോഡൽ) സ്ഥാപനം

പ്രോജക്റ്റ് നം.208/20-21

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി .എഞ്ചിനീയർ

അടങ്കൽ തുക – 613230/-രൂ

ചെലവു തുക -1) 122646/-രൂ (ചെക്ക് നം-44926/22-2-20)

2) 50840/- രൂ (ചെക്ക് നം-045825/24-3-21)

മേൽ പ്രോജക്റ്റ് പ്രകാരം, എയ്റോബിക് കംപോസ്റ്റ് ബിൻ (തുമ്പൂർമൂഴിമോഡൽ) സ്ഥാപിക്കുന്നതിനായി, Socio Economic Unit Foundation എന്ന അക്രഡിറ്റഡ് ഏജൻസിയുമായി, 9/12/19-ന് അസി.എഞ്ചിനീയർ കരാർ വച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി അവരോധിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് ഫയലിൽ ലഭ്യമല്ല. കരാർ നിബന്ധന പ്രകാരം, 122646/-രൂ അഡ്വാൻസും, പണി പൂർത്തിയായതായി കാണിച്ച്, ഏജൻസി 14/3/21-ന് ബിൽ സമർപ്പിച്ചതിനെ തുടർന്ന്, 50840/-രൂ പാർട്ട് ബില്ലും, നൽകിയിട്ടുണ്ട്. കരാർ പ്രകാരം, എഗ്രിമെന്റ തീയതി മുതൽ ആറ മാസത്തിനകം, പണിപൂർത്തിയാകേണ്ടതാണ്. എന്നാൽ നാളിതുവരെ ഫൈനൽ ബിൽ തുക നൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടാൻ ഏജൻസി അപേക്ഷ നൽകിയതായോ, ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഏജൻസിയുമായി എന്തെങ്കിലും കത്തിടപാടു നടത്തിയതായോ, ഫയലിൽ രേഖപ്പെടുത്തൽ ഇല്ല. (ഓഡിറ്റ് എൻക്വയറിനം.42, 52). മേല്പറഞ്ഞ അപാകങ്ങളിൽ വ്യക്തത വരുത്തുന്നതോടൊപ്പം, എത്രയും വേഗം പ്ലാൻറ് പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

1-37 കമ്മ്യൂണിറ്റി കിച്ചൺ വരവ്-ചെലവ് അക്കൗണ്ടിംഗ്- അപാകതകൾ

12.03.2021-ലെ അജണ്ട 10 തീരുമാനം 9 പ്രകാരം കമ്മ്യൂണിറ്റി കിച്ചൺ നടത്തിയ വകയിൽ ബാക്കിയുണ്ടായിരുന്ന 20,000/- രൂപ മുൻ സെക്രട്ടറി ശ്രീ.അഷറഫ് കൈപ്പറ്റിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ തുക പഞ്ചായത്തിൽ നല്കിയിട്ടില്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കുന്നിൽ ഹൈപ്പർ മാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ കമ്മ്യൂണിറ്റി കിച്ചണുമായി ബന്ധപ്പെട്ട ബിൽ തുകയ്ക്ക് ഇനിയും തുക നൽകിയിട്ടില്ല എന്ന് പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ പരാതി വന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും ടിയാൾക്ക് ശമ്പള കുടിശ്ശിക, ടി.എ, മാറ്റി വയ്ക്കപ്പെട്ട ശമ്പളം ഉൾപ്പെടെയുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകരുതെന്നും ശ്രീ.അഷറഫ് നിയമവിരുദ്ധമായി പഞ്ചായത്തിന്റെ തുക കൈവശപ്പെടുത്തിയതിന് എതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിച്ച് തീരുമാനിക്കുകയുണ്ടായി. മേൽ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ, കമ്മ്യൂണിറ്റി കിച്ചൺ വരവ് ഇനത്തിലെ വരവ് അക്കൗണ്ട് ചെയ്യപ്പെട്ട രീതി, കമ്മ്യൂണിറ്റി കിച്ചണുമായി ബന്ധപ്പെട്ട ചെലവ് രജിസ്റ്റർ എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/26.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി ഇക്കാര്യത്തിൽ ഗൗരവപരമായ സമീപനം സ്വീകരിക്കേണ്ടതും ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-2021 | 0 | ലക്ഷം വീട് കോളനി വാസയോഗ്യമാക്കൽ (ജനറൽ) | 1120000 | 1120000 | 0 |
| | | | ലക്ഷം വീട് കോളനി വാസയോഗ്യമാക്കൽ (എസ് സി പി) | 800000 | 800000 | 0 |
| | | | ലൈഫ് ഭവന നിർമ്മാണം (എസ് സി) 2020 | 1320000 | 1320000 | 0 |
| | | | സ്നേഹസ്പർശം | 298750 | 298750 | 0 |
| | | | പാലിന് സബ്സിഡി | 60275 | 60275 | 0 |
| | | | പാലിന് സബ്സിഡി (എസ് ഓ) | 93000 | 93000 | 0 |
| ആകെ | | | | 3692025 | 3692025 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 3125375 | ലക്ഷം വീട് കോളനി വാസയോഗ്യമാക്കൽ (ജനറൽ) | 480000 | 480000 | 0 |
| | | | ലക്ഷം വീട് കോളനി വാസയോഗ്യമാക്കൽ (എസ് സി പി) | 380000 | 380000 | 0 |
| | | | ലൈഫ് ഭവന നിർമ്മാണം (എസ് സി) 2020 | 1200000 | 1200000 | 0 |
| | | | സ്നേഹസ്പർശം | 298750 | 298750 | 0 |
| | | | പാലിന് സബ്സിഡി | 275000 | 275000 | 0 |
| | | | പാലിന് സബ്സിഡി (എസ് ഓ) | 177873 | 177873 | 0 |
| | | | മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം (എസ് ഓ) | 725816 | 725816 | 0 |
| ആകെ | | | | 3537439 | 3537439 | 2399559 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | ജലജീവൻ മിഷൻ- ഗാർഹിക കുടിവെള്ള കണക്ഷൻ | 1245900 | 245900 | 0 (വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമായിട്ടില്ല) |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

| സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപ തുക | മെച്യൂരിറ്റി തീയതി | ലഭിച്ച പലിശ | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| പ്രസ്തുത വിവരം ലഭ്യമല്ല | 1648790 | പ്രസ്തുത വിവരം ലഭ്യമല്ല | പ്രസ്തുത വിവരം ലഭ്യമല്ല | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യാ |

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2018-2019 | 1-16 | 2020-2021 | 1-16 | ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നത് സംബന്ധിച്ച് | - |
| 2018-2019 | 1-18 | 2020-2021 | 1-18 | രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | - |
| 2018-2019 | 1-22 | 2020-2021 | 1-22 | ഫയലുകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | മറുപടി ലഭിച്ച |

4-8 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയത തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/11/2019 | 01/08/2019 മുതൽ 31/10/2019 വരെ | 03/12/2019 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 16/05/2014 | 2009-2010 മുതൽ 2013-2014 വരെ | 08/07/2014 |

4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112338997 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108947047 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 9500 | ശ്രീ.അജിത്ത് കുമാർ.സി, സെക്രട്ടറി. |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.അജിത്ത് കുമാർ.സി സെക്രട്ടറി. | സെക്രട്ടറി.നെല്ലനാട് ഗ്രാമപഞ്ചായത്ത്. | അനില വിഹാർ, തകരപ്പറമ്പ്, പോങ്ങനാട് പി. ഒ, കിളിമാനൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം ജിപി 10/1255/2018 തീയതി 14.06.2018 | 3 |
| 2009-10 | | 1 |
| 2010-11 | | 7 |
| 2011-12 | എൽ.എഫ്.റ്റിഡി. ജിപി 10/629/14 തീയതി 22.04.2015 | 18 |
| 2012-13 | എൽ.എഫ്.റ്റിഡി. ജിപി 10/692/15 | 19 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജിപി 10/1373/2016 തീയതി 01.08.2016 | 17 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2233/2016 തീയതി 09.02.2018 | 9 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജിപി 10/19/2017 തീയതി 19.10.2017 | 22 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2347/2018 തീയതി 15.02.2019 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10.459/2020 തീയതി 29.05.2020 | 32 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്